**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

**ഉണ്ണികുളം ഗ്രാമപഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട് 2018-19**

**കേരള സംസ്ഥാന ഓഡിറ്റ് കോഴിക്കോട്ജില്ലാ**

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം**

**e-mail:..........................................**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.9 /295 /2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഫോൺ -0495 2371012
ഇ-മെയിൽ -dokkd.ksad@kerala.gov.in

തീയതി. 07.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

**ഉണ്ണികുളം** ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : **ഉണ്ണികുളം** ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാര **ഉണ്ണികുളം** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ

പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

28വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.കെ.കെ.ഡി.പി 9 /295 /2020 തിയ്യതി: 07.03.2020

## കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ **ഉണ്ണികുളം** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.01.2019 മുതൽ 6.02.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വാസുദേവൻ.എം,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.02.2020 മുതൽ 17.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കരുണാകരൻ. എം,ഓഡിറ്റ് ഓഫീസർ . |
| | ഷൈന.എ.കെ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ . |
| | ഷാജി.ഇ.കെ, ഓഡിറ്റർ ട്രെയിനി. |
| | വിജേഷ്.കെ.കെ.,ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ബിനോയ്.ഇ.ടി | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ബാലൻ.കെ.പി | 01-04-2018 മുതൽ 3-06-2018 വരെ |
| | അനിത.ആർ (അസിസ്റ്റന്റ് സെക്രട്ടറി) , സെക്രട്ടറി ഇൻ ചാർജ് | 04-06-2018 മുതൽ 02-07-2018 വരെ |
| | സുരേഷ് കുമാർ.എസ്, (ജൂനിയർ സൂപ്രണ്ട്) സെക്രട്ടറി ഇൻ ചാർജ് | 03-07-2018 മുതൽ 17-08-2018 വരെ |
| | ദീപുരാജു | 18.08.2018 മുതൽ 31.03.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ. | മുഹമ്മദ് ഇഖ്ബാൽ | 01.04.2018 മുതൽ 31.07.2018 വരെ |
| | നൌഷാദ്.കെ.ഇ (കൃഷി അസിസ്റ്റന്റ്) കൃഷി ഓഫീസർ ഇൻ ചാർജ് | 01.08.2018 മുതൽ 01.11.2018 വരെ |
| | ശ്രീവിദ്യ.എം.കെ, | 02.11.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി. | അനിത.ആർ | 01.04.2018 മുതൽ 02-07-2018 |
| | സുരേഷ് കുമാർ.എസ് | 03-07-2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ. | ഡോ.സി.കെ.ഷാജിബ് | 01.04.2018 മുതൽ 22.06.2018 വരെ |
| | ഡോ.അബ്ദുൾ നാസിർ | 22.06.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ.(പി.എച്ച്.സി) | ഡോ.സുനിൽ ലാൽ. കെ | 01.04.2018 മുതൽ 31-03-2019 വരെ |
| അസി.എഞ്ചിനീയർ. | സൗമ്യ. എം | 01.04.2018 മുതൽ 19.06.2018 വരെ |
| | ഷിനോയ്.എ.കെ (അസി.എഞ്ചിനിയർ ഇൻ ചാർജ്) | 03.07.2018 മുതൽ 31-07-2018 വരെ |
| | സൗദ.കെ.സി | 01.08.2018 മുതൽ 24.10.2018 വരെ |
| | സൂര്യ.വി.വി | 24.10.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | സിമി.പി,എൻ.എച്ച്.എം | 01-04-2018 മുതൽ 31-03-2019 വരെ |

| | | |
|---|---|---|
| ഐസിഡിഎസ് സൂപ്പർവൈസർ. | ലക്ഷ്മി.ടി.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| | ഗീത.ടി.എം | 01-04-2018മുതൽ 05.07.2018 വരെ |
| | പ്രമീള.കെ | 26.07.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | സൗമ്യ.എസ്.നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| | അഭിലാഷ്.ടി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | മോഹനൻ.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ജസിത റഹ്മാൻ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികക | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-5 |

| | | |
|---|---|---|
| 6 | വാർഷിക കണക്കിലെ അപാകതകൾ | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | വസ്തുനികുതി കണക്കാക്കിയതിലെ അപാകതകൾ - നികുതിയിനത്തിൽ നഷ്ടം | 1-8 |
| 9 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-9 |
| 10 | 28കെട്ടിടങ്ങൾ ക്രമവൽകരണ ഫീ കുറച്ച് ഈടാക്കുന്നു. | 1-10 |
| 11 | സർക്കാർ അനുവാദത്തോടെയുള്ള ഒന്നാം ക്ലാസ്സ് ഒന്നാം തരമാക്കൽ പദ്ധതി നടപ്പാക്കിയതിലെ ക്രമക്കേടുകൾ | 1-11 |
| 12 | കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല. | 1-12 |
| 13 | കരാർ വെയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല. | 1-13 |
| 14 | കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച | 1-14 |
| 15 | പഞ്ചായത്ത് ലൈബ്രറി - പുസ്തക വിതരണ രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 1-15 |
| 16 | തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡെക്സ് നൽകി പ്രവൃത്തി നടത്തുന്നു. | 1-16 |
| 17 | പൊതു മരാമത്ത് പ്രവൃത്തികൾ - നടത്തിപ്പിലെ അപാകതകൾ | 1-17 |
| 18 | കായിക പ്രതിഭകളെ കണ്ടെത്തൽ പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 19 | അത്തായക്കുന്ന് കുടിവെള്ള പദ്ധതി - പ്രവൃത്തി ചെയ്തതിലും കൂടുതൽ തുക കരാറുകാരന് അനുവദിച്ചു. | 1-19 |
| 20 | ഹരിതവിദ്യാലയം പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല. | 1-20 |
| 21 | കള്ളാടി സമുദായ ഉപപദ്ധതി - പ്രൊജക്ട് ചെലവ് നാമമാത്രം പദ്ധതിപ്പണം പാഴായി | 1-21 |
| 22 | സിമന്റ് കട്ട നിർമ്മാണ യൂണിറ്റ് ഉദ്ദേശ്യലക്ഷ്യം കൈവരിച്ചില്ല. | 1-22 |
| 23 | വിത്ത് മുതൽ വിപണി വരെ- പ്രൊജക്ട് പാതി വഴിയിൽ | 1-23 |
| 24 | ആട് വിതരണം പട്ടികജാതി - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കിയില്ല. | 1-24 |
| 25 | അഗതി ആശ്രയ പ്രൊജക്ട് - കുടുംബശ്രീ അക്കൗണ്ടിൽ പദ്ധതിവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-25 |
| 26 | ആസ്തി രജിസ്റ്റർ തയ്യാറാക്കൽ - തുടർ നടപടി വിവരം ലഭ്യമായില്ല | 1-26 |
| 27 | പട്ടികജാതി വയോജനങ്ങൾക്ക് ഉപകരണം - അനർഹർക്ക് ആനുകൂല്യം നൽകിയതും മറ്റ് അപാകതകളും | 1-27 |
| 28 | കുറ്റിക്കുരുമുളക് തൈ, ഇടവിള കൃഷി നടീൽ വസ്തുക്കൾ വിതരണം - അപാകതകൾ | 1-28 |
| 29 | അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മാണം - പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല | 1-29 |
| 30 | ആവശ്യത്തിന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് നൽകാത്തതിനാൽ ചെലവ് നാമമാത്രം | 1-30 |
| 31 | സംയുക്ത പ്രൊജക്ടുകൾക്കായുള്ള ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-31 |
| 32 | തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമല്ല. | 1-32 |
| 33 | യുനാനി ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ - കാലാവധി കഴിയാറായ മരുന്നുകൾ വിതരണം ചെയ്തത് സംബന്ധിച്ച്. | 1-33 |
| 34 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - കർഷകർക്ക് അർഹമായ ആനുകൂല്യം ലഭ്യമായില്ല | 1-34 |
| 35 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ- മാർഗ്ഗരേഖയിൽ നിഷ്കർഷിക്കാത്ത ഇനത്തിന് ആനുകൂല്യം നൽകി. | 1-35 |

| | | |
|---|---|---|
| 36 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - സംയുക്ത പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല | 1-36 |
| 37 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ ന്യൂനതകൾ | 1-37 |
| 38 | ചെറുകിട തൊഴിൽ സംരംഭങ്ങൾ - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല | 1-38 |
| 39 | ശമ്പള പരിഷ്കരണ കുടിശ്ശിക - പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 1-39 |
| 40 | വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷകളിൽ തീർപ്പു കൽപിക്കുന്നതിൽ കാലതാമസം | 1-40 |
| 41 | ക്ലീൻ ഉണ്ണികളും- ഗ്രീൻ ഉണ്ണികളും | 1-41 |
| 42 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-42 |
| 43 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി - അവലോകനം | 1-43 |
| 44 | വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ - നികുതിയിനത്തിൽ നഷ്ടം | 2-1 |
| 45 | കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല. | 3-1 |
| 46 | കരാർ വെയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല. | 3-2 |
| 47 | അത്തായക്കുന്ന് കുടിവെള്ള പദ്ധതി - പ്രവൃത്തി ചെയ്യതിലും കൂടുതൽ തുക കരാറുകാരന് അനുവദിച്ചു. | 3-3 |
| 48 | പട്ടികജാതി വയോജനങ്ങൾക്ക് ഉപകരണം - അനർഹർക്ക് ആനുകൂല്യം നൽകിയതും മറ്റ് അപാകതകളും | 3-4 |
| 49 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 50 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 51 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 52 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 54 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 56 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 57 | ഓഡിറ്റ് റിക്കവറി | 4-7 |
| 58 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 59 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 60 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 61 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| 62 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഭരണസമിതിയുടെ 27/03/2018 തീയതിയിലെ 1(1)/18 നമ്പർ തീരുമാനപ്രകാരം 2018-19 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പുതുക്കിയ തീരുമാനം നം 02/19 തീയതി 05/02/2019.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട | ലഭിച്ച | അപാകത അപാകത പരിഹരിക്കാൻ | അപാകത അപാകത |
|---|---|---|---|

| തീയതി | തീയതി | തിരിച്ചയച്ച തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2019 | 30.05.2019 | - | |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 25371790 | 25371790 | 25371790 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8006191 | 8006191 | 8006191 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 295286 | 295286 | 295286 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10272356 | 10272356 | 10272356 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4785190 | 4785190 | 4785190 | 0 |
| 13ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 10211275 | 10211275 | 10211275 | 0 |
| ബി ഫണ്ട് | 0 | 663320 | 663320 | 663320 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്, തൊഴിലാളികളുടെ കൂലി | 0 | 55508024 | 55508024 | 55508024 | 0 |
| ഐ.സി.ഡി.എസ് | 1462778 | 2056325 | 3519103 | 2800000 | 719103 |
| ശുചിത്വ മിഷൻ | 0 | 2503058 | 2503058 | 2300000 | 203058 |

| | | | | | |
|---|---|---|---|---|---|
| തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് | 3974147 | 10181481 | 14155628 | 2835905 | 11319723 |
| തനത് ഫണ്ട്, ട്രഷറി അക്കൗണ്ട് | 12658697 | 17999222 | 30657919 | 24091265 | 6566654 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 275 | 140 | 78 | 57 | 50.90 |

പ്രൊജക്ടുകളുടെ നടത്തിപ്പിനായി മൊത്തം 202139239/-. രൂപ വകയിരുത്തിയതിൽ 91405402/- രൂപ മാത്രമേ സാമ്പത്തികവർഷത്തിൽ ചെലവഴിച്ചിട്ടുള്ളൂ. വകയിരുത്തിയ തുകയുടെ 45% ശതമാനം മാത്രമാണ് സാമ്പത്തിക വർഷത്തെ ചെലവ്. അസി.എഞ്ചിനിയർ,സെക്രട്ടറി മുതലായനിർവ്വഹണ ഉദ്യാഗസ്ഥരുടെ പ്രോജക്റ്റ് നിർവ്വഹണത്തിൽ വന്ന വീഴ്ചയാണ് ചെലവ് കുറയാൻ കാരണമായത്. പ്രത്യേക അംഗീകാരത്തോടെ നടപ്പിലാക്കിയ നൂതന പ്രോജക്റ്റുകളുടേയും ചെലവ് നാമമാത്രമാണ് വന്നിരിക്കുന്നത്. യഥാർത്ഥ ഗുണഭോക്താക്കളുടെ കണക്കെടുക്കാതെ അസി.സെക്രട്ടറി, വെറ്റിനറി സർജൻ മുതലായവർ നടപ്പിലാക്കിയ സ്പിൽ ഓവർ പ്രോജക്റ്റുകൾക്ക് തുക വകയിരുത്തിയത് ചെലവഴിക്കാൻ കഴിയാതിരുന്നതും ചെലവ് കുറയാൻ കാരണമായിട്ടുണ്ട്.

## 1-5 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30/01/2019 | 01/12/2018 മുതൽ 31/12/2019 വരെ | PAUBLY/PAT2/UKLM/12/18 DT 08/02/2019. |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25/08/2016 മുതൽ 28/09/2016 വരെ | 2011-12 മുതൽ 2015-16 വരെ | എൽ.ബി.എ.(എച്ച്.ക്യൂ)VI/8A-2499/112 DT. 26.10.2016 |

## 1-6 വാർഷിക കണക്കിലെ അപാകതകൾ

ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. പഞ്ചായത്തിന് ലഭിച്ച മൂന്നു മാസത്തിലധികമായിട്ടുള്ള താഴെ പറയുന്ന ചെക്കുകൾ നാളിതുവരെ ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. (എസ്.സി.ബി. തനത് ഫണ്ട് - 1225)

| ചെക്ക് നമ്പർ/ തിയ്യതി | തുക |
|---|---|
| 1522682/20.08.2018 | 3750 |

| | |
|---|---|
| 5648230/31.08.2018 | 20000(1250 + 18750) |
| ചെക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല/27.09.2018 | 5750 |
| ചെക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല/27.09.2018 | 31850 |
| 2614/20.10.2018 | 1545 |
| 5674287/12.09.2018 | 37500 |
| 75674288/12.09.2018 | 1250 |

മേൽ പറഞ്ഞ ചെക്കുകൾ കാലഹരണപ്പെട്ടിട്ടുള്ളതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ട വരവിൽ കുറവുണ്ടായതായി കാണുന്നു.

2. വസ്തു നികുതി അരിയർ ഡിമാന്റ് തുക 2017-18 വാർഷിക കണക്കിലെ ബി-15 സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള 330469/- രൂപയാണ്. എന്നാൽ സഞ്ചായ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് തുക 642093/- രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

3. വികസന ഫണ്ട് ജനറൽ വരവ്/ചെലവ് തുകകൾ എ.സി.ആർ. പ്രകാരം 25371790/- രൂപയാണ്. എന്നാൽ സെക്രട്ടറിയുടെ 323/18-19 നമ്പർ പദ്ധതിയ്ക്ക് ചെലവഴിച്ച 172/- രൂപ എ.സി.ആറിൽ ചെലവ് വന്നിട്ടില്ല. ഈ തുക വികസന ഫണ്ട് ചെലവിൽ ഉൾപ്പെട്ടിട്ടില്ല.

4. വാർഷിക കണക്കിലെ ബി-17 സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക താഴെ പറയുന്ന അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിന് ബാങ്ക്/ട്രഷറി പാസ് ബുക്ക്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

| ചെക്ക് നമ്പർ/ തിയ്യതി | തുക |
|---|---|
| 1. പോസ്റ്റോഫീസ് സേവിംഗ്സ് അക്കൗണ്ട് | 1298.38 |
| 2.കെ.ഡി.സി. ബാങ്ക് ഇ.എം.എസ്. ലോൺ | 1000.00 |
| 3.വി.പി.എഫ്.എ.1-2 | 26111.02 |
| 4.വി.പി.എഫ്.എ.1-3 | 28217.00 |
| 5.എസ്.എം.ജി.ബി. പെൻഷൻ (27642) | 11237.00 |

5. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം തൻവർഷത്തിലെ ഡെപ്പോസിറ്റ് നീക്കിയിരിപ്പ് തുക 491733/- രൂപയാണ്. ഇതിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ നിയമാനുസൃതം പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വർഷം തിരിച്ചുള്ള ഡെപ്പോസിറ്റ് തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

6. സംയുക്ത പ്രൊജക്ടുകളുടെ നടത്തിപ്പിനായി തൻവർഷം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള 2426904രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള 2301556 രൂപയും ചെലവഴിക്കാതെ ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പുണ്ട്. ജില്ല, ബ്ലോക്ക് പഞ്ചായത്തുകൾ തൻവർഷം ചെലവായി കാണിച്ചിട്ടുള്ള മേൽ പറഞ്ഞ തുകകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളത് ശരിയായ നടപടിയല്ല. സംയുക്ത പ്രൊജക്ടുകളുടെ നടത്തിപ്പിനായി തൻവർഷം ലഭിച്ച ജില്ല, ബ്ലോക്ക് പഞ്ചായത്തിന്റെ തുകകൾ മുഴുവനായി സംയുക്ത പ്രൊജക്ടിനുള്ള ബാങ്ക് അക്കൗണ്ടിലല്ല (എസ്.റ്റി.എസ്.ബി.1748) സൂക്ഷിച്ചിട്ടുള്ളത്. 1577260/- രൂപ മാത്രമേ എസ്.റ്റി.എസ്.ബി. 1748 അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളൂ. ശേഷിക്കുന്ന തുക ഈ അക്കൗണ്ടിലേയ്ക്ക് വരവ് വെക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

7. ആസ്തി രജിസ്റ്റർ പൂർണ്ണമല്ല.

8. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടത് അനിവാര്യമാണ്.

1. ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകൾ നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് കമ്മിറ്റി ശ്രമം നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.
2. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. എന്നാൽ വാങ്ങലുകൾ നടത്തുന്നതിനായി കമ്മററി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.
3. ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രൊപ്പോസലുകളും ആയതിനെ അടിസ്ഥാനമാക്കി വിവിധ സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കിയ ബജററ് നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന ബജററ് ഫയൽ തയ്യാറാക്കിയിട്ടില്ലെന്നു കാണുന്നു. ഓരോ വർഷവും മാർച്ച് ആദ്യവാരത്തിനു മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. നിയമപ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ച വരുത്തികാണുന്നു.
4. പഞ്ചായത്തിൽ ക്രമവൽക്കരണ അപേക്ഷകൾ അധികമായി വരുന്നതും അനധികൃത നിർമ്മാണ രജിസ്റ്ററിൽ ഒരു കെട്ടിടം പോലും ഉൾപ്പെടാത്തതും അനധികൃത നിർമ്മാണമുണ്ടായിരിക്കാനുള്ള സാധ്യത നിലനിൽക്കുന്നുവെങ്കിലും തുടർനടപടി കാര്യക്ഷമമല്ല.
5. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.
6. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിററർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വീഴ്ചവരുത്തിയിട്ടുണ്ട്.
7. ഓഫീസ് ഓർഡർ പരിശോധിച്ചതിൽ ജീവനക്കാർക്ക് സെക്ഷൻ ക്രമത്തിൽ നിലവിൽ(2019-20ൽ) ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് മീറ്റിംഗുകൾ യഥാസമയം വിളിച്ചു ചേർത്ത് ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിൽ സൂപ്പർവൈസറി തലത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.അറ്റന്റൻസ് രജിസ്റ്റർ സൂക്ഷിപ്പും കുറ്റമറ്റ രീതിയില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഇ) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

എഫ്). ഓഫീസ് മീറ്റിംഗുകൾ പ്രതിമാസം വിളിച്ചു ചേർത്ത് ഓഫീസ് പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ്

## 1-8 വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ- നികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിൽ വസ്തുനികുതി കണക്കാക്കിയത് സംബന്ധിച്ച് കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ശ്രീമതി. ഷബ്ന, പുതിയ പുരയിൽ, വട്ടോളി ബസാർ എന്നവരുടെ ഉടമസ്ഥതയിലുള്ള 21/567എ നമ്പർ കെട്ടിടത്തിന് നികുതി കണക്കാക്കിയപ്പോൾ കെട്ടിടത്തിലേക്കുള്ള വഴി വീതി കുറച്ച് കാണിച്ചു. ഇതു മൂലമുണ്ടായ നികുതി നഷ്ടം ചുവടെ കൊടുക്കുന്നു. കെട്ടിടം ദ്വിതീയ മേഖലയിൽ സ്ഥിതി ചെയ്യുന്നതും കെട്ടിടത്തിലേക്ക് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് ഉള്ളതുമാണ്. എന്നാൽ വഴിയുടെ വർദ്ധനവ് 20% നികുതി കണക്കാക്കിയപ്പോൾ ഉൾപ്പെടുത്തിയിട്ടില്ല.

കെട്ടിടത്തിന്റെ വിസ്തീർണ്ണം - 195.4 ച.മീ

അടിസ്ഥാന വസ്തുനികുതി നിരക്ക് - 55/-(ച.മീറ്ററിന്)

അടിസ്ഥാന വസ്തുനികുതി 195.4 x 55 =10747/-

വഴിയുടെ വർദ്ധനവ് 20%വരുത്താത്തത് മൂലം നഷ്ടം= **2150/-**

2) ശ്രീ.മെഹബൂബലി,മൈലക്കാട്ട് കണ്ടി,എന്നവരുടെ ഉടമസ്ഥതയിലുള്ള 9/822 "H,J,K,L,M,N,O"എന്നീ നമ്പർ കെട്ടിടങ്ങൾക്ക് നികുതി കണക്കാക്കിയപ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരം 213.68 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 191.9 ച.മീ വിസ്തീർണ്ണത്തിന് മാത്രമാണ് നികുതി ഈടാക്കിയത്. 21.76 ച.മീറ്ററിന് നികുതി ചുമത്തിയിട്ടില്ല. ഇത് മൂലമുണ്ടായ നഷ്ടം ചുവടെ കൊടുക്കുന്നു.

കെട്ടിടം പ്രാഥമിക മേഖലയിലും 5മീറ്റർ വീതിയിൽ പ്രവേശന മാർഗ്ഗമുള്ളതുമാണ്.

അടിസ്ഥാന വസ്തുനികുതി നിരക്ക് - 80/-(ച.മീറ്ററിന്)

അടിസ്ഥാന വസ്തുനികുതിയിലെ നഷ്ടം = 21.76 x 80=1741/-

വഴിയുടെ വർദ്ധനവ് 20% =1741 x 0.20=348/-

ആകെ നഷ്ടം=1741+348 = **2089/-**

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/19-20) മറുപടി

ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-9 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല.

1) സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററിൽ പരിശോധിച്ചതിൽ നിന്നും രജിസ്റ്ററിൽ ക്രമ നമ്പർ രേഖപ്പെടുത്തുകയോ ലൈസൻസ് നൽകിയ സ്ഥാപനത്തിന്റെ വിശദ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല ഇതിനാൽ എത്ര സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയെന്നോ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയെന്നോ വ്യക്തമല്ല.

2) ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ആകെ 90 ഇൻസ്റ്റിറ്റ്യൂഷനുകളാണ് ഉള്ളത്. ഇതിൽ തൊഴിൽ നികുതി ഒടുക്കുന്ന എല്ലാ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളും ഉൾപ്പെടുന്നു. നികുതിയ്ക്ക് വിധേയമാകേണ്ട എല്ലാ ഇൻസ്റ്റിറ്റ്യൂഷനുകളും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) സ്ഥാപന വരുമാനത്തിനനസൃതമായല്ല സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. സ്ഥാപനത്തിലെ തൊഴിലാളികളുടെ എണ്ണത്തിന് അനുസൃതമായാണ് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വരുന്നത്. സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങൾ 670 ആണ്. എന്നാൽ 683 സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ട്. ഇതിൽ നിന്നും ഡി & ഒ ലൈസൻസ് എടുത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് വ്യക്തമാവുന്നു.

4) സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 312 സ്ഥാപനങ്ങളിൽ നിന്നും 2018-19 വർഷത്തെ തൊഴിൽ നികുതി അഡ്വാൻസ് ആയി 2018 ഫെബ്രുവരി മാസമാണ് ഈടാക്കിയിരിക്കുന്നത്.

5) പഞ്ചായത്തിൽ 31/03/2019 തീയതിയിലെ ഡിമാന്റുകളിൽ വാണിജ്യ/ വ്യവസായികാശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾ 3876 ആണ്. ഇതിൽ 2018-19 സാമ്പത്തിക വർഷം വേക്കൻസി റമിഷൻ നൽകിയത് 105 കെട്ടിടങ്ങൾക്കാണ്. അതായത് 3771 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വേണം കണക്കാക്കാൻ. ഇതിൽ 2018-19 ൽ ആകെ അനുവദിച്ച 683 ഡി & ഒ ലൈസൻസുകൾ 907 കെട്ടിടങ്ങളിലായാണ് നൽകിയിട്ടുള്ളത് എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (01/19-20) സ്ഥാപനം മറുപടി നൽകിയിട്ടുണ്ട്. ബാക്കിയുള്ള 2864 കെട്ടിടങ്ങളിൽ വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതാണ് എന്ന് വേണം കരുതേണ്ടത്. മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

പഞ്ചായത്തിൽ ട്രേഡേഴ്സ് പ്രൊഫഷൻടാക്സ് ഡിമാന്റ് രജിസ്റ്റർ അപൂർണ്ണമാണ്. ഇതിൽ മേൽ പരാമർശിച്ച ക്രമ നംമ്പർ 5 പ്രകാരമുള്ള ഒഴിഞ്ഞ് കിടക്കുന്നതായ കെട്ടിടങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ എത്ര സ്ഥാപനങ്ങളാണ് തൊഴിൽ നികുതി അടവാക്കിയത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഡി&ഒ ലൈസൻസ് നൽകിയിരിക്കുന്നത് 683 സ്ഥാപനങ്ങൾക്കാണ്. ഇതിൽ നിന്നും ലൈസൻസ് നൽകിയ എല്ലാ സ്ഥാപനങ്ങളിൽ നിന്നുപോലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. 670 സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. എന്നാൽ വാർഡ് അടിസ്ഥാനത്തിലുള്ളതും ഡിമാന്റ് രജിസ്റ്ററിനേയും തുകയേയും സാധൂകരിക്കേണ്ട ട്രേഡേഴ്സ് ലിസ്റ്റ് സമഗ്രമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കൂടാതെ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത് വരുമാനത്തിന് അനുസൃതമായാണോ എന്ന് വ്യകതമല്ല. ട്രേഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇക്കാരണത്താൽ ഡിമാന്റ് തുകയുടെ സാധുത പരിശോധിക്കാനായിട്ടില്ല.

അപാകത പരിഹരിക്കുന്നതിനായി വാർഡ് അടിസ്ഥാനത്തിൽ വാർഡ് ക്ലാർക്കുമാരെ ചുമതലപ്പെടുത്തി ഫീൽഡ് പരിശോധനയിലൂടെ സമഗ്രമായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഡി & ഒ ലൈസൻസ് ഫീസും

സ്ഥാപനത്തിന്റെയും സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും തൊഴിൽ നികുതിയും ഈടാക്കേണ്ടതും ആയതിന്റെ വിശദ വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-10 കെട്ടിടങ്ങൾ ക്രമവൽക്കരണ ഫീ കുറച്ച് ഈടാക്കുന്നു

2018-19 വർഷം പഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീയായി 284199/- രൂപയും, ക്രമവൽക്കരണ ഫീയായി 156645/- രൂപയാണ് അടവാക്കിയിരിക്കുന്നത്. ക്രമവൽക്കരണ ഫീ എന്നത് പെർമിറ്റ് ഫീസിന്റെ ഇരട്ടിയായ തുകയാണ് പഞ്ചായത്തിൽ ഈടാക്കുന്നത്. പെർമിറ്റ് ഇല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിക്കുമ്പോൾ കെട്ടിട നിർമാണ പെർമിറ്റ് ഫീയും അതിന്റെ രണ്ട് ഇരട്ടിയും ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുമ്പോൾ പെർമിറ്റ് ഫീയുടെ ഇരട്ടി തുക മാത്രമാണ് ഈടാക്കുന്നത്. ഇത്രയും ക്രമമവൽക്കരണ അപേക്ഷകൾ ഉണ്ടാവുമ്പോഴും പഞ്ചായത്തിലെ അനധികൃത നിർമ്മാണ രജിസ്റ്റർ പ്രകാരം അനധികൃത നിർമ്മാണങ്ങൾ ഒന്നുപോലും ഇല്ല. വാർഡ് അടിസ്ഥാനത്തിൽ ക്ലാർക്കുമാരെ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിർത്തിവെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്. ഇത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11 സർക്കാർ അനുവാദത്തോടെയുള്ള ഒന്നാം ക്ലാസ്സ് ഒന്നാം തരമാക്കൽ പദ്ധതി നടപ്പാക്കിയതിലെ ക്രമക്കേടുകൾ

പഞ്ചായത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഒന്നാം തരത്തിലെ 22 ഡിവിഷനുകൾ സ്മാർട്ട് ക്ലാസ് റൂം ആക്കി മാറ്റുന്നതിന് ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയിട്ടുള്ള പ്രൊജക്ടാണിത്. 5.3.2018 കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20/2017/SRG/CC(19) നമ്പർ തീരുമാന ത്തിന്റെ അടിസ്ഥാനത്തിൽ 32,00,000 രൂപയുടെ അടങ്കൽ കണക്കാക്കിയ ഈ പ്രോജക്ട് നടപ്പാക്കാൻ 28.03.2018 ലെ സ.ഉ (സാധാ)807/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പാലാക്കുന്നതിന് വേണ്ടി ഒരു സ്പിൽ ഓവർ ഉൾപ്പെടെ 3 പദ്ധതി കളിലായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | വകയിരുത്തിയ തുക | ചെലവ് | ബിൽ /ചെക്ക് നമ്പർ, തിയ്യതി |
|---|---|---|---|
| 140/18-19 | 492004തനത് ഫണ്ട് | 491071 | 1776026/18.09.18 |
| | 680375 മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 680336 | 3/18-19//23.07.18 |
| 200/18-19 | 1550000മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 1537350 | 2/18-19/23.07.18 |
| 172/17-18 | 2550000മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 1000000 | 3/18-19/30.03.18 |
| ആകെ | | 3708757 | |

2017-18 വർഷത്തിൽ 172/17-18 നമ്പർ പ്രൊജക്ട് പ്രകാരം സ്ഥാപനത്തിന് നൽകിയ 1000000 രൂപയുൾപ്പെടെ 3708757 യാണ് പദ്ധതിയ്ക്കായി ചെലവഴിച്ചത്.

പ്രോജക്ട് പ്രകാരം സ്കൂളുകളിലേക്ക് നൽകിയ സാധനങ്ങളുടെ ലിസ്റ്റ് താഴെപ്പറയുന്നു.

| ക്രമ നമ്പർ | സാധനങ്ങൾ | എണ്ണം | നിരക്ക് (രൂ) | ആകെ (രൂ) |
|---|---|---|---|---|
| 1. | Desk 180X40X60 c.m and bench 180 x 30 x 40 c.m with rub wood top | 90 | 13595 | 1223550 |
| 2. | LG commercial TV convert with Android box 49 inch | 22 | 79296 | 1744512 |
| 3. | Chappal rack | 22 | 6608 | 145376 |
| 4. | Teachers table . | 22 | 7080 | 155760 |
| 5. | Teachers chair | 22 | 3964 | 87208 |

| | | | | |
|---|---|---|---|---|
| 6. | Side rack | 22 | 5500 | 121000 |
| 7. | Fan | 22 | 2049.96 | 45099 |
| 8. | White board | 22 | 5947 | 130834 |
| 9. | Wash basin | 22 | 2360 | 51920 |
| 10. | Learning materials | 22 | 159 | 3498 |
| ആകെ | | | | 3708757 |

28.3.18 ന് അംഗീകാരം ലഭിച്ച പദ്ധതിയിൽ ടെണ്ടർ വിളിച്ച് നടപ്പിലാക്കാൻ സമയക്കുറവുണ്ടെന്നകാരണം പറഞ്ഞ് അക്രിഡറ്റഡ് ഏജൻസി എന്ന നിലയിൽ ടെണ്ടറിങ് നടപടികൾ കൂടാതെ SILK (Steel Industries Kerala Limited ) എന്ന സ്ഥാപനത്തെ പദ്ധതി പ്രകാരം എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള 19 സ്കൂളുകളിൽ 22 ഒന്നാം ക്ലാസുകൾ ഒന്നാം തരമാക്കുന്നതിന് വിതരണക്കാരായി നിശ്ചയിച്ചു.

പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

**1. പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് കൂടിയ വിലയ്ക്ക് സാധനങ്ങൾ വാങ്ങി പദ്ധതി നടപ്പിലാക്കി**

2550000 രൂപ ഗ്രാമ പഞ്ചായത്തും എയ്ഡഡ് സ്കൂളുകളിൽ ടൈൽ പാകൽ, പെയിന്റിങ് എന്നീ ജോലികൾക്ക് അതത് മാനേജ്മെന്റുകൾ വഹിക്കേണ്ട 6,50,000 രൂപ കൂടി ചേർത്ത് 32,00,000 രൂപ മുതൽ മുടക്കിലാണ് പ്രോജക്ട് വിഭാവനം ചെയ്തത്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത സ്ഥാപനം അംഗീകരിച്ച പ്രൊജക്ടിൽ നിന്നും വ്യതിചലിച്ച് അടങ്കൽ തുകയേക്കാളും വളരെ അധികം ചെലവഴിച്ച് പദ്ധതി നടത്തുകയും യാതൊരു മാനദണ്ഡവും പാലിക്കാതെ ഈ തുക സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തു. 22 ഡിവിഷനുകൾ സ്മാർട്ട് ക്ലാസ് റൂം ആക്കി മാറ്റുന്നതിന് 25,50,005 രൂപ ചെലവ് പ്രതീക്ഷിച്ച് തയ്യാറാക്കിയിട്ടുള്ള പദ്ധതി, നടപ്പിലാക്കുന്നതിനായാണ് സർക്കാർ അനുവാദം നൽകിയിട്ടുള്ളത്. എന്നാൽ ഈ പദ്ധതി പൂർത്തിയാക്കിയിട്ടുള്ളത് മേൽകാണിച്ച പ്രകാരം 37,08,757 രൂപ ചെലവഴിച്ചാണ്. അതായത് 11,58,752 രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്

**2.സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ഡെപ്പോസിറ്റ് പ്രവർത്തി നടത്താൻ അംഗീകാരമില്ലാത്ത സ്ഥാപനത്തിന് മുൻകൂർ തുക അനുവദിച്ചു**

ഈ പദ്ധതിയ്ക്കായി ചെലവഴിച്ച 37,08,757 രൂപയും പദ്ധതി നിർവ്വഹണം നടത്തിയ സിൽക്ക് എന്ന സ്ഥാപനത്തിന് മുൻകൂറായി അനുവദിച്ചു. 12.04.2016 ലെ സ.ഉ.(പി)177/2006/ധനം, 29.01.2018 തിയ്യതിയിലെ ജി.ഒ (എം.എസ്) 11/2018/ തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിന് തുകകൾ മുൻകൂർ ആയി ഡെപ്പോസിറ്റ് ചെയ്യാവുന്ന ഏജൻസിയായി സിൽക്കിനെ പരിഗണിച്ചിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തി നടപ്പാക്കുന്നതിന് സിൽക്ക് എന്ന സ്ഥാപനത്തിന് അംഗീകാരം ലഭിച്ചിട്ടില്ല.

**3.അംഗീകാരമില്ലാത്ത സ്ഥാപനം വഴി പദ്ധതി നടപ്പിലാക്കി**

ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി അക്രഡിറ്റഡ് ഏജൻസികൾ മുഖേന ഓരോ ഏജൻസിയ്ക്കും അനുവാദം നൽകിയിട്ടുള്ള പ്രവർത്തികളും പരിധിയും കണക്കിലെടുത്താണ് പദ്ധതി നിർവ്വഹണം നടത്തേണ്ടത്. ഇവിടെ സിൽക്ക് എന്ന സ്ഥാപനത്തെ സ്കൂളുകളിൽ സ്മാർട്ട്ക്ലാസ്സ് സ്ഥാപിക്കുന്നതിന് ക്ഷമതയുള്ള അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടില്ല. ജി.ഒ (പി) 122/ 2017/ഫിൻ തിയ്യതി 18.9.2017 , ജി.ഒ(പി)95/2017/ഫിൻ തിയ്യതി 25.7.2017 എന്നീ ഉത്തരവ് പ്രകാരമാണ് SILK എന്ന ഏജൻസിയെ അക്രഡിറ്റഡ് ഏജൻസിയായി നിർണയിച്ചത്. ഈ ഉത്തരവുകൾ പ്രകാരം സ്ഥാപനത്തിന്റെ area of accreditation ‘ steet structures , elecro mechanical works , and civil works which are part of the contract works where design and fabrication of steel structures is involved as PMC( Project mangement consultant) ' എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. അല്ലാതെ ടെലിവിഷൻ സെറ്റുകൾ , സ്റ്റീൽ ഫർണിച്ചർ , വൈറ്റ് ബോർഡ് , പഠന സാമഗ്രികൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി SILKനെ ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. ഈ സാധനങ്ങൾ വിതരണം ചെയ്യുന്നതിനാണ് ടെണ്ടർ നടപടികൾ പോലും ഇല്ലാതെ വിതരണ ഏജൻസിയെ തെരഞ്ഞെടുത്തത്. SILK ന്റെ ബേപ്പൂരിലുള്ള ഒരു ship breaking unit വഴിയാണ് പദ്ധതി നടപ്പിലാക്കിയത്. ചുരുക്കത്തിൽ ഒന്നാം ക്ലാസ് ഒന്നാം തരമാക്കാൻ കപ്പൽ പൊളിക്കുന്ന സ്ഥാപനത്തെയാണ് എൽപ്പിച്ചത്.

**4. വാങ്ങൽ നടപടികൾ പ്രോക്യൂർമെന്റ് കമ്മിറ്റി അറിയാതെ**

ഗ്രാമ പഞ്ചായത്ത് വാങ്ങൽ നടപടി ക്രമങ്ങളിൽ 08.11.2010 ലെ ജി.ഒ(പി)/259/2010/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങൾ സമാഹരിയ്ക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിച്ചല്ല ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 1.12.17, 1.3.18, 14.08.18, 17.10.18, 7.12.18, 16.01.19, 14.02.19, 5.03.19 13.03.2019 എന്നീ തിയ്യതികളിൽ യോഗം ചേർന്നിട്ടുള്ള പ്രൊക്വർമെന്റ് കമ്മറ്റി യോഗങ്ങളിലൊന്നും ഈ പദ്ധതി പ്രകാരമുള്ള വാങ്ങലുകൾ പരിഗണിച്ചിട്ടില്ല.

**5.SILK ഹാജരാക്കിയ എസ്റ്റിമേറ്റ് പ്രകാരം വില നൽകി**

അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ SILK എന്ന സ്ഥാപനം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. ഈ സ്ഥാപനത്തിന് മേൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ലഭിച്ചിട്ടുള്ള അംഗീകാരമോ പ്രൈസ് ലിസ്റ്റോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി തയ്യാറാക്കിയപ്പോൾ പ്രതീക്ഷിത ചെലവായി ബെഞ്ചിനും ഡെസ്കിനും 9500രൂപയും ടി.വിയ്ക്ക് 32600 രൂപയുമാണ് കണക്കാക്കിയിരുന്നത് എന്നാൽ സിൽക്ക് കൂടിയ വിലയുള്ള എസ്റ്റിമേറ്റ് പ്രകാരമാണ് വില ഈടാക്കിയത്. വിതരണം ചെയ്ത സാധനങ്ങൾ ഈ സ്ഥാപനം സ്വന്തമായി നിർമ്മിച്ചവയല്ല LG ടിവി, റെബ്കോയുടെ ഫർണിച്ചർ എന്നിവയാണ് സിൽക്ക് വിതരണം ചെയ്തിട്ടുള്ളത്. പഞ്ചായത്തിന് ടി ഉൽപ്പന്നങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ ലഭിച്ചിട്ടില്ല. സിൽക്ക് എന്ന സ്ഥാപനത്തിന്റെ ബില്ല് ആണ് ഹാജരാക്കിയത്. 49 ഇഞ്ചിന്റെ ആൻഡ്രോയ്ഡ് ടി.വിയ്ക്ക് മാർക്കറ്റ് വിലയേക്കാൾ കൂടിയ വിലയാണ് ഈടാക്കിയിട്ടുള്ളത്. ഒന്നിന് 79296 രൂപ .ഇത്തരത്തിലുള്ള ടി.വിയ്ക്ക് ഇ-കൊമേഴ്സ് സൈറ്റുകളിൽ 51000 രൂപയിൽ അധികം വിലയാകുന്നില്ല. LG ടി.വി വാങ്ങിയതിന്റെയും റബ്കോ ഫർണിച്ചർ വാങ്ങിയതിന്റെയും ടി സ്ഥാപനങ്ങൾ നൽകിയ ബില്ല്. അല്ലെങ്കിൽ ഈ വിലയ്ക്ക് ഈ സാധനങ്ങൾ വിൽക്കുന്നതിന് സിൽക്കിന് അനുവാദം ലഭിച്ച ഉത്തരവ് എന്നിവ ഹാജരാക്കേണ്ടതാണ്.

**6. നിശ്ചിത സ്പെസിഫിക്കേഷനില്ലുള്ള ഉപകരണങ്ങൾ വാങ്ങിയില്ല**

IT @ school നിശ്ചയിട്ടിട്ടുള്ള സ്പെസി ഫിക്കേഷനിലുള്ള ഉപകരണങ്ങളാണ് സ്മാർട്ട് ക്ലാസ് റും തയ്യാറാക്കുന്നതിന് സ്കൂളുകളിലേയ്ക്ക് വാങ്ങേണ്ടത്. ഇവിടെ ഒന്നാം ക്ലാസ് ഒന്നാം തരമാക്കുന്നതിന് ആൻഡ്രോയ്ഡ് ടിവിയാണ് വലിയ വില നൽകി വാങ്ങി നൽകിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 27/2018-19 തീയതി. 17.02.20 ന് മറുപടി ലഭ്യമാക്കിയില്ല.

2018-19 വർഷത്തിൽ ചെലവഴിച്ച 2708757 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

## 1-12 കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല.

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽനിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായികാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കരാറുകാരൻ, എഗ്രി.നമ്പർ, തിയ്യതി. | ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ്. സൈറ്റ് കൈമാറിയ തിയ്യതി | പ്രവൃത്തി പൂർത്തീകരി ച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീക രണം വൈകിയ കാല യളവ് | ഈടാ ക്കേണ്ട പിഴ പി.. എ .സി തുകയുടെ ശതമാന ത്തിൽ | പിഴ (രു) |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | 242/18-19<br>ചരപ്പറമ്പി<br>ല് പട്ടര<br>മഠം റോഡ് | 248237<br>(റോഡ് മെയിന്റ നൻസ് ഫണ്ട്)<br>ബിൽനം.<br>65/11.3.19 | ശ്രീ.ബഷീർ പി.സി<br>104/17-18/ 20.03.18 | 6 മാസം<br>20.03.18 | 15.02.2019<br>എം.ബുക്ക്<br>(113/18-19)<br>കരാർകാലാവധി കഴിഞ്ഞ് 30.1.19 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 250000 രൂപ യുടെ 3% | 7500 |
| 2 | 192/18-19<br>കാന്തപുരം പാണ്ടിക്കടവ് റോഡ് | 44547<br>(റോഡ് മെയിന്റ നൻസ് ഫണ്ട്)<br>ബിൽനം.<br>4/24.05.18 | ശ്രീ.ബിജു ടി.വി<br>22/16-17/ 2.02.17 | 6 മാസം<br>02.02.17 | 31.03.2018<br>എം.ബുക്ക്<br>(191/16-17) | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 369480 രൂപയുടെ 3% | 11084 |
| 3 | 224/18-19<br>പുളിയാറക്കൽ കോണ ങ്കോട് മല റോഡ് | 162280<br>(റോഡ് മെയിന്റ നൻസ് ഫണ്ട്)<br>ബിൽനം.<br>47/28.11.18 | ശ്രീ.ബഷീർ പി.സി<br>21/17-18/ 16.12.17 | 6 മാസം<br>16.12.17 | 16.10.2018<br>എം.ബുക്ക്<br>(34/18-19)<br>കരാർകാലാവധി കഴിഞ്ഞ് 23.08.18 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 199762 രൂപയുടെ 3% | 5993 |
| 4 | 237/18-19<br>കൊല്ലി വയൽ അമയ ങ്ങലത്ത് റോഡ് | 82555<br>(റോഡ് മെയിന്റ നൻസ് ഫണ്ട്)<br>ബിൽനം.<br>43/28.11.18 | ശ്രീ.ബഷീർ പി.സി<br>43/17-18/ 20.01.18 | 5മാസം<br>20.01.18 | 12.10.2018<br>എം.ബുക്ക്<br>(170/18-19) | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 494727.65 രൂപയുടെ 3% | 14842 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | 226/18-19 എടക്കണ്ടി കാരാട്ടുമ്മൽ റോഡ് | 25000 (റോഡ് മെയിന്റ നൻസ് ഫണ്ട്) ബിൽനം. 48/28.11.18 | ശ്രീ.ജിജീഷ് പി.സി 73/17-18/ 8.03.18 | 6 മാസം 08.03.18 | 14.11.2018 എം.ബുക്ക് (97/18-19) കരാർകാലാവധി കഴിഞ്ഞ് 3.11.2018 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 300000 രൂപയുടെ 3% | 9000 |
| 6 | 251/18-19 വടക്കണ്ടി പുതിയനിപ്രസ്ഥൾ അരീക്കരക്കണ്ടി റോഡ് | 248237 (തനത് ഫണ്ട്) ചെക്ക്നം. 51801241/ 26.3.2019 | ശ്രീ.ബഷീർ പി.സി 78/17-18/ 08.03.18 | 6 മാസം 8.03.18 | 19.02.2019 എം.ബുക്ക് (356/18-19) കരാർകാലാവധി കഴിഞ്ഞ് 20.1.19 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 398059 രൂപയുടെ 3% | 11942 |
| 7 | 239/18-19 നായരങ്ങാടി പന യുള്ള കണ്ടി റോഡ് | 300000 (ധനകാര്യ കമ്മാഷൻ ഫണ്ട്) ബിൽനം. 41/28.11.18 | ശ്രീ.ജിജീഷ് പി.സി 74/17-18/ 08.03.18 | 6 മാസം 08.03.18 | 22.11.2018 എം.ബുക്ക് (100/18-19) കരാർകാലാവധി കഴിഞ്ഞ് 1.11.18നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 300000 രൂപ യുടെ 3% | 9000 |
| 8 | 264/18-19 കൊല്ലരു കണ്ടി നായാട്ടു കുന്ന് റോഡ് | 124178 (വികസന ഫണ്ട്, ധനകാര്യ കമ്മാഷൻ ഫണ്ട്) ബിൽ നം 55,57/ | ശ്രീ.ബഷീർ പി.സി 33/17-18/ 16.12.2017 | 5 മാസം 16.12.2017 | 14.12.2018 എം.ബുക്ക് (105/18-19) കരാർ കാലാവധി കഴിഞ്ഞ് 03.12.2018 നാണ് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | സി തുക 125000 പി.എ. രൂപയുടെ 3% | 3750 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 28.01.2019 | | | പ്രവൃത്തി<br>തുടങ്ങിയത് | | | |
| 9 | 238/18-19<br>ചപ്പള്ള കണ്ടി കോണക്കോട്ട് മല റോഡ് | 500000<br>(ധനകാര്യ കമ്മീഷൻ ഫണ്ട്)<br>ബിൽനം.<br>80/20.03.19 | ശ്രീ.ബഷീർ<br>പി.സി<br>79/17-18/<br>08.03.18 | 6മാസം<br>08.03.18 | 02.03.2019<br>എം.ബുക്ക്<br>(230/18-19)<br>കരാർ കാലാ വധി കഴിഞ്ഞ് 08.02.2019 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 500000 രൂപയുടെ 3% | 15000 |
| 10 | 283/18-19<br>കരിയാത്തൻ<br>കവ് റോഡ് സബ് സെന്റർ നവീകരണൺ | 234078<br>(തനത് ഫണ്ട്)<br>ബിൽനം.<br>8772954/<br>19.06.18 | ശ്രീ.ജിനീഷ്<br>.ഇ<br>64/16-17/<br>13.03.2017 | 6മാസം<br>17.03.2017 | 28.03.2018<br>എം.ബുക്ക്<br>(332/17-18)<br>കരാർ കാലാ വധി കഴിഞ്ഞ് 12.03.2018 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 266131 രൂപയുടെ 3% | 7984 |
| | | | | | | | ആകെ | 96095 |

മേൽ പ്രവൃത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവൃത്തി കലണ്ടർ ഇല്ല. ടിഎസ് സ്ലിപ്പ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിയാണ് ചേർത്തിട്ടുള്ളത്.

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവ ധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്ത വണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധിക രിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവർത്തികളിലും ദീർഘീകരണം 50% ലും കൂടുതലാണ്. വളരെ യധികം കാലം കഴിഞ്ഞാണ്.പ്രവർത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവർത്തി പൂർത്തീ കരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ

ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്

സെക്ഷൻ 2005 പ്രകാരം site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണ ത്തിന് കരാറുകാർ അസി.എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും , ദീർഘീകരണം ലഭ്യമാകാതെ നിർദ്ദിഷ്ട സമയത്ത് പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 35/2018-19/ 17.02.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 96095 രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-13 കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

ജി.ഒ.(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമ രാമത്ത് പ്രവർത്തികൾ ക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കി കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധന കളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാ നസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി /കരാറുകാരൻ | പിഎസിയുടെ1% ഫൈൻ തുക |
|---|---|---|---|---|
| 1. | ചുരക്കം കാവിൽ എം.മുക്ക് റോഡ് 233/19 (ബിൽ 09/ 18-19/18.08.18, 294557/-) കരാർ തുക 300000 | 18.01.18 | AE/LSGD /UKLM/75/ 17-8 / 08.03.18 ശ്രീ.ജിജീഷ് .പി.സി | 3000/- |
| 2 | കൈതേരി പ്പൊയിൽ പുതുക്കുടി റോഡ് 235/19 (ബിൽ 11/ 18-19/18.08.18 ,298036/-) കരാർ തുക 300000 | 14.02.18 | AE/LSGD /UKLM/77/ 17-8 / 08.03.18 ശ്രീ.ബഷീർ .പി.സി | 3000/- |
| 3 | ആവേല താന്നിക്കൽ തോട്ടായി റോഡ് 236/19 (ബിൽ 17/ 18- 19/ 18.08.18 , ചെക്ക് 8778836/29.11.18 -298637/-) കരാർ തുക 300000 | 14.02.18 | AE/LSGD /UKLM/63/ 17-8 / 07.03.18 ശ്രീ.ബഷീർ .പി.സി | 3000/- |
| 4 | ചാലിൽ കണ്ടി മയങ്ങില് റോഡ് 188/19 (ബിൽ 8/ 18-19/24.05.18 ,299818/-) കരാർ തുക 300000 | 14.02.18 | AE/LSGD /UKLM/68/ 17-8 / 07.03.18 ശ്രീ.ബഷീർ .പി.സി | 3000/- |

| | | | | |
|---|---|---|---|---|
| 5 | തടായിൽ കുളങ്ങരം പൊയിൽ റോഡ് 230/19 (ബിൽ 28,29/ 18-19/17.10.18 ,248552/-) കരാർ തുക 250000 | 14.02.18 | AE/LSGD /UKLM/76/ 17-8 / 08.03.18 ശ്രീ.ബഷീർ .പി.സി | 2500/- |
| 6 | ചപ്പങ്ങള കണ്ടി കോണോട്ട് മല റോഡ് 238/19 (ബിൽ 80/ 18-19/20.03.19 ,500000/-) കരാർ തുക 500000 | 14.02.18 | AE/LSGD /UKLM/79/ 17-8 / 08.03.18 ശ്രീ.ബഷീർ .പി.സി | 5000/- |
| 7 | കരുമല മൂലോളിപ്പാറ റോഡ് 249/19 (ബിൽ 37/ 18-19/14.12.18 ,262259/-) കരാർ തുക 300000 | 05.02.18 | AE/LSGD /UKLM/60/ 17-8 / 07.03.18 ശ്രീ.ബഷീർ .പി.സി | 3000/- |
| 8 | നായരങ്ങാടി പന യുള്ള കണ്ടി റോഡ്.239/18-19(ബിൽ-41/28.11.18, 300000) | 18.01.2018 | AE/LSGD /UKLM/74/ 17-8 / 08.03.18 ശ്രീ.ജിജീഷ് .പി.സി | 3000/- |
| | | | ആകെ | 25500 |

കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കൂടാതെ പ്രവൃത്തി ഫയലുകളിലധികവും ചിലതിൽ സെലക്ഷൻ നോട്ടീസ് വച്ചിട്ടില്ലാത്തതിനാലും ചിലതിൽ സെലക്ഷൻ നോട്ടീസിൽ തിയ്യതി എഴുതിയിട്ടില്ലാത്തതിനാലും സമയബന്ധിതമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. കരാർ വയ്ക്കാൻ വൈകിയ കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 കുടിവെള്ള പദ്ധതികൾ നടത്തിപ്പിലാക്കുന്നതിൻ വീഴ്ച

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ കുടിവെള്ള പദ്ധതികൾ ക്കായി പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് | വകയിരുത്തിയ തുക | ചെലവ് തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ചീക്കാക്കുന്ന് കുടി വെള്ള പദ്ധതി 168/19 | 48000 | 37248 | ഈ പദ്ധതികളെല്ലാം നിലവിലുള്ളതാണോ കമ്മീഷൻ ചെയ്തതാണോ പ്രവർത്തികൾ പൂർത്തിയാക്കി ജലവിതരണം തുടങ്ങിയോ എന്നീ വിവരങ്ങളും ഗുണഭോക്തൃ സമിതികളുടെ നടത്തിപ്പ്, കുടിവെള്ള പദ്ധതികൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങൾ പഞ്ചായത്തിന്റെ ആസ്തി റജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ |
| 2 | ഓടാളിക്കുന്ന് കുടി വെള്ളപദ്ധതി 170/19 | 400000 | 0 | |
| 3 | കരുമ്പാപൊയിൽ ചാമക്കാല കുടി | 500000 | 0 | |

| | | | | |
|---|---|---|---|---|
| | വെള്ളപദ്ധതി 173/19 | | | |
| 4 | കരിങ്കാളി കുടിവെ ള്ള പദ്ധതി 185/19 | 100000 | 99134 | |
| 5 | പുലിക്കുഴി കോട്ടക്കുന്ന് കുടി വെള്ളപദ്ധതി 220/19 | 215826 | 193387 | |
| 6 | കുട്ടി പറമ്പ്കുടിവെ ള്ളപദ്ധതി 253/19 | 125000 | 0 | |
| 7 | അത്തായക്കുന്ന് കുടി വെള്ളപദ്ധതി 254/19 | 135000 | 135000 | |
| 8 | ഉമ്മിണിക്കുന്ന് കുടി വെള്ളപദ്ധതി 256/19 | 25000 | 0 | |
| 9 | പൂളോന്ന് കണ്ടി ലക്ഷം വീട് കുടി വെള്ളപദ്ധതി നവീകരണം 257/19 | 25000 | 0 | വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ് . |
| 10 | കെട്ടിൽ പുറായിൽ കുടി വെള്ളപദ്ധതി 258/19 | 150000 | 117848 | |
| 11 | കൊളങ്ങരപൊയിൽ കുടി വെള്ള പദ്ധതി 259/19 | 100000 | 98299 | |
| 12 | കൈപ്പുറത്ത് കുടി വെള്ളപദ്ധതി 260/19 | 135000 | 133087 | |
| 13 | പനയുള്ള കുന്ന് കുടി വെള്ളപദ്ധതി 261/19 | 160000 | 155690 | |
| 14 | കരിമ്പൊയിൽ കുടി വെള്ളപദ്ധതി 262/19 | 200000 | 0 | |
| 15 | എ.കെ.ജി കോള നി കുടി വെള്ള പദ്ധതി 263/19 | 130000 | 124313 | |
| 16 | ചാലിൽ പുറായി ൽകുടി വെള്ള | 200000 | 145000 | |

| | | | | |
|---|---|---|---|---|
| | പദ്ധതി 299/19 | | | |
| 17 | പുതുശ്ശേരി പുറായി ൽ കുടി വെള്ള പദ്ധതി 304/19 | 145000 | 141767 | |
| 18 | മാട്ടൂർ കുടി വെള്ള പദ്ധതി 305/19 | 150000 | 0 | |
| 19 | പുലിക്കുഴി കോട്ട ക്കുന്ന് കുടി വെള്ള പദ്ധതി 307/19 | 400000 | 156091 | |
| 20 | കരുവാറ്റക്കുന്ന് കു ടി വെള്ള പദ്ധതി 309/19. ഈ പദ്ധതി യ്ക്ക് 2 പ്രൊജക്റ്റുകൾ തയ്യാറാക്കി യിട്ടുണ്ട് | 160000 | 1484 | |
| 21 | ഉളിക്കുന്ന് കുടി വെ ള്ളപദ്ധതി 310/19 | 50000 | 0 | |
| 22 | ആറപ്പറ്റ കുടി വെ ള്ളപദ്ധതി 314/19 | 200000 | 0 | |
| 23 | കുരുവാറ്റക്കുന്ന് കു ടി വെള്ളപദ്ധതി 319/19 | 400000 | 0 | |
| 24 | ഐക്കുന്ന് കുടിവെള്ളപദ്ധതി 322/19 | 200000 | 0 | |
| | ആകെ | 4353826 | 1538348 | |

ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് എന്ന ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനാണ് മേൽ കാണിച്ച പ്രകാരം 24 കുടിവെള്ള പദ്ധതികൾക്കായി തൻവർഷം പദ്ധതികൾ തയ്യാറാക്കിയത്. 4353826 രൂപ വകയിരുത്തിയിട്ട് 1538348 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ചുമതലാ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയത് മാത്രമല്ല 2067975 രൂപ ചെലവഴിക്കാതെ പാഴാക്കുകയും ചെയ്തു. ഈ പദ്ധതികളുടെ വിശദാംശങ്ങളും പഞ്ചായത്തിൽ ആകെ എത്ര കുടിവെള്ള പദ്ധതികൾ ഉണ്ടെന്നും അവയുടെ നിലവിലുള്ള പ്രവർത്തങ്ങളും വിശദമാക്കേണ്ടതാണ് .

## 1-15 പഞ്ചായത്ത് ലൈബ്രറി - പുസ്തക വിതരണ രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

പഞ്ചായത്ത് ലൈബ്രറിയിലെ പുസ്തക വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ഫുൾ ടൈം ലൈബ്രേറിയനായ ശ്രീ. മോയി.വി എന്നവർ ഓഫീസ് അറ്റന്റൻസ് രജിസ്റ്റർ പ്രകാരം O/D യായി രേഖപ്പെടുത്തിയ തീയതികളിലും പൊതു ഒഴിവ് ദിവസങ്ങളിലും പുസ്തകങ്ങൾ വിതരണം നടത്തിയതായും പുസ്തകങ്ങൾ തിരികെ കൈപ്പറ്റിയതായും കാണുന്നു.

2019 ഫെബ്രുവരി 1,4,5,6,7,8,11,12,13,15,21,22,23,28 എന്നീ തീയതികളിൽ O/D യും 3,9,10,17,24,എന്നീ തീയതികൾ പൊതു അവധി ദിനങ്ങളും 18ാം തീയതി ആകസ്മികാവധിയുമാണ്. എന്നാൽ പുസ്തക വിതരണ രജിസ്റ്റർ പ്രകാരം 1,2,4,5,6,7,8,11,12,13,15,21,22,23,28 എന്നീ തീയതികളിൽ പുസ്തക വിതരണം നടത്തുകയും, 2019 ഫിബ്രുവരി 8,11,12,13,,15,17,21,22,23,24,,28, എന്നീ തീയതികളിൽ പുസ്തകൾ തിരികെ ഈടാക്കിയതായി ഒപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

2019 മാർച്ച് 1,5,11,14,15, എന്നീ തീയതികളിൽ O/D യും, 25,26,27,28 എന്നീ തീയതികളിൽ ഡ്യൂട്ടി ലീവും, 3,4,9,10,17,24,31 എന്നീ തീയതികൾ പൊതു അവധി ദിനങ്ങളുമാണ്. എന്നാൽ പുസ്തക വിതരണ രജിസ്റ്റർ പ്രകാരം 1,5,11,14,15,25,26,27,28,29,30 എന്നീ തീയതികളിൽ പുസ്തക വിതരണം നടത്തുകയും, 2019 മാർച്ച് 1,3,4,5,,9,10,11,14,15,17,24,25,26,27,28 എന്നീ തീയതികളിൽ പുസ്തകൾ തിരികെ ഈടാക്കിയതായി ഒപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്..

കൂടാതെ 2018 -19 സാമ്പത്തിക വർഷം ആകെ 31 പേർ മാത്രമാണ് വരിസംഖ്യ ഒടുക്കിയിട്ടുള്ളത്. ഇതിൽ 27 പേരും പുതുതായി മെമ്പർഷിപ്പ് എടുത്തവരാണ്. പഴയ മെമ്പർമാരിൽ വരിസംഖ്യ അടച്ചത് ആകെ 4 പേർ മാത്രമാണ്. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം എല്ലാ മാസവും പൊതു അവധി ദിവസങ്ങൾ ഉൾപ്പെടെ ശരാശരി 20 ൽ അധികം പുസ്തകങ്ങൾ വിതരണം നടത്തുന്നതായി കാണുന്നുണ്ട്. ആകെ 31 മെമ്പർഷിപ്പ് ഉള്ളിടത്ത് ഇരുപതോളം പേർക്ക് ദിവസേന പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിൽ അപാകതയുണ്ട്.മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തെ പ്രൊജക്റ്റുകളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ നിർവ്വഹണം നടത്തിയതായി കാണുന്നു. പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമാണ് എസ്റ്റിമേറ്റ് നിരക്കുകൾ നിർണയിക്കുന്നത്. പി.ഡബ്ള്യു.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർ നിർണയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രോജക്റ്റുകളിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്റ്റ് നടപ്പാക്കിയത്.

കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം എന്ന തോതിൽ യഥാർത്ഥത്തിൽ നിർണയിക്കേണ്ടിയിരുന്നതിന് പകരം 42.16 പ്രകാരം നിരക്ക് അനുവദിച്ചതിനാൽ 2018-19ൽ ടെണ്ടർ ചെയ്ത് കരാർ വച്ച ചില പ്രവൃത്തികളിൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടാത്ത രീതിയിൽ മതിയായ സമയം ലഭ്യമായിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് മൂലം കരാറുകാർക്ക് അധിക തുക നൽകേണ്ടി വന്നിട്ടുണ്ട്.

പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ കരാർ വെച്ച് ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തേണമായിരുന്നു. പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യത്തിന് നിർവ്വഹണഉദ്യോഗസ്ഥൻ മുൻ തൂക്കം കൊടുക്കേണ്ടതാണ്. താഴെ പറയുന്ന എല്ലാ പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിച്ചതും കരാർ വച്ചതും ഈ ഉത്തരവ് നിലവിൽ വന്ന ശേഷമാണ് ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ചെലവ് വന്ന താഴെ പറയുന്ന പ്രവൃത്തികൾക്ക് അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി, കരാർ | ആകെ ചെലവ് | ബിൽ /ചെക്ക് നം തീയതി |
|---|---|---|---|
| 1 | 184/18-19 പോസ്റ്റ് ഓഫീസ് അനന്തൻകണ്ടി റോഡ് AE/LSGD/UKLM/94/17-18/19.03.2018 കരാറുകാരൻ-.ശ്രീ.പി.സി.ബഷീർ | 197582/- | 3/18-19/24.05.2018 |
| 2 | 237/18-19കൊല്ലി വയൽ അമയ ങ്ങലത്ത് റോഡ് AE/LSGD/UKLM/43/17-18/ 20.01.2018 കരാറുകാരൻ-.ശ്രീ.പി.സി.ബഷീർ | 82555/- | 43/18-19/28.11.2018 |
| 3 | 226/18-19എടക്കണ്ടി കാരാട്ടുമ്മൽ റോഡ് AE/LSGD/UKLM/48/17-18/ 28.11.2018 കരാറുകാരൻ-.ശ്രീ.ജിജീഷ് | 300000/- | 48/18-19/28.11.2018 |
| 4 | 248/18-19പയ്യാപ്പറമ്പ് നായാട്ടുകുന്ന റോഡ് AE/LSGD/UKLM/84/17-18/ 12.03.2018 കരാറുകാരൻ-. ശ്രീ.ഗോപാല കൃഷ്ണൻ | 119733/- | 50/18-19/14.12.2018 |
| 5 | 249/18-19കരുമല മുല്ലോളിപ്പാറ റോഡ് AE/LSGD/UKLM/60/17-18/ 07.03.2018 കരാറുകാരൻ-. ശ്രീ.പി.സി.ബഷീർ | 262259/- | 37/18-19/14.12.2018 |
| 6 | 251/18-19 വട്ടക്കണ്ടി പുതിയനിപ്ര സ്കൂൾ അരീക്കരക്കണ്ടി റോഡ് AE/LSGD/UKLM/78/17-18/ 08.03.2018 കരാറുകാരൻ-. | 25000/- | 51801241/18-19/26.03.2019 |

| | | | |
|---|---|---|---|
| | ശ്രീ.പി.സി.ബഷീർ | | |
| 7 | 239/18-19നായരങ്ങാടി പനയുള്ള കണ്ടി റോഡ് AE/LSGD/UKLM/74/17-18/ 08.03.2018 കരാറുകാരൻ-. ശ്രീ.പി.സി.ജിജീഷ് | 300000/- | 41/18-19/28.11.2018 |
| 8 | 246/18-19പനയംകണ്ടി വാളന്നൂർ റോഡ് AE/LSGD/UKLM/83/17-18/ 13.03.2018 കരാറുകാരൻ-. ശ്രീ.ഗോപാലകൃ,ഷ്ണൻ | 183444/- | 53/18-19/31.12.2018 |
| 9 | 264/18-19കൊല്ലരുകണ്ടി നായാട്ടുകുന്ന് റോഡ് AE/LSGD/UKLM/33/17-18/ 16.12.2017 കരാറുകാരൻ-.ശ്രീ.പി.സി.ബഷീർ | 124178/- | 55,57//18-19/28.1.2019 |
| 10 | 238/18-19ചപ്പുള്ള കണ്ടി കോണങ്കോട്ട് മല റോഡ് AE/LSGD/UKLM/79/ 17-18/08.03.2018 കരാറുകാരൻ-.ശ്രീ.പി.സി.ബഷീർ | 500000/- | 80/18-19/20.03.2019 |
| 11 | 225/18-19കത്തിയണക്കാം പാറ കല്ലുവയ്പ്പ് റോഡ് AE/LSGD/UKLM/39/ 17-18/14.12.2018 കരാറുകാരൻ-.ശ്രീ.പി.സി.ബഷീർ | 198806/- | 39/18-19/14.12.2018 |
| 12 | 231/18-19ഒടക്കാളിക്കുന്ന് കോളനി റോഡ് AE/LSGD/UKLM/56/ | 249048/- | 31/18-19/23.10.2018 |

| | | | |
|---|---|---|---|
| | 17-18/01.03.2018 കരാറുകാരൻ-. ശ്രീ.അഞ്ജന കൺസ്ട്രക്ഷൻ | | |
| 13 | 230/18-19തടായിൽ കുളങ്ങരപ്പൊയിൽ റോഡ് AE/LSGD/UKLM/76/17-18/ 08.03.2018 കരാറുകാരൻ-. ശ്രീ.പി.സി.ബഷീർ | 248552/- | 28.29/18-19/17.10.2018 |
| 14 | 259/18-19കുളങ്ങറപ്പൊയിൽ കുടിവെള്ള പദ്ധതി AE/LSGD/UKLM/81/17-18/ 08.3.2018 കരാറുകാരൻ-. ശ്രീ.പി.സി.ബഷീർ | 98299/- | 18047/18-19/17.10.2018 |
| 15 | 233/18-19ചുരക്കംകാവിൽ എം.സിമുക്ക് റോഡ് AE/LSGD/UKLM/75/ 17-18/08.03.2018 കരാറുകാരൻ-.ശ്രീ.പി.സി.ജിജീഷ് | 294557/- | .9/8-19/18.08.2018 |
| 16 | 234/18-പൂനൂർ സൂന്നൽമദ്രസ്സാ റോഡ് AE/LSGD/UKLM/89/ 17-18/13.03.2018 കരാറുകാരൻ-.ശ്രീ.ഗോപാലകൃഷ്ണൻ | 362301/- | 21/18-19/28.08.2018 |
| 17 | 235/18-19കൈതപ്പൊയിൽ പുതുക്കുടി റോഡ് AE/LSGD/UKLM/77/ 17-18/08.03.2018 കരാറുകാരൻ-.ശ്രീ.പി.സി.ബഷീർ | 298036/- | 11/18-19/18.08.2018 |
| 18 | 236/18-19ആവേല താന്നിക്കൽ തോട്ടായി രോഡ് AE/LSGD/UKLM/63/ | 298637/- | 07/18-19/18.08.2018 85/18-19/20.03.2019 |

| | | | |
|---|---|---|---|
| | 17-18/07.03.2018<br>കരാറുകാരൻ-.ശ്രീ.പി.സി.ബഷീർ | | 877836/29.11.2018 |
| 19 | 241/18-19തെക്കേകുരിയാത്ത്<br>രാരിച്ചൻ കണ്ടി റോഡ്<br>AE/LSGD/UKLM103/<br>17-18/20.03.2018<br>കരാറുകാരൻ-.ശ്രീ.പി.സി.ബഷീർ | 238763/- | 15/18-19/18.08.2018 |
| 20 | 244/18-19വള്ളിയോത്ത്<br>മീത്തലെ പുറായിൽ റോഡ്<br>AE/LSGD/UKLM/105/<br>17-18/20.03.2018<br>കരാറുകാരൻ-.ശ്രീ.പി.സി.ബഷീർ | 149196/- | 16/18-19/18.08.2018 |
| 21 | 247/18-19മടോത്ത്<br>പ്ലാക്കണ്ടി റോഡ്<br>AE/LSGD/UKLM/71/<br>17-18/08.03.2018<br>കരാറുകാരൻ-.ശ്രീ.പി.സി.ജിജീഷ് | 299793/- | 14/18-19/18.08.2018 |
| 22 | 250/18-19രാജഗിരി<br>കാരമല റോഡ്<br>AE/LSGD/UKLM/86/<br>17-18/13.03.2018<br>കരാറുകാരൻ-.ശ്രീ.ഗോപാലകൃഷ്ണൻ | 199816/- | 20/18-19/28.08.2018 |
| 23 | 186/18-19രാരോത്ത്<br>കുളം കരുമല റോഡ്<br>AE/LSGD/UKLM/106/<br>17-18/20.03.2018<br>കരാറുകാരൻ-.ശ്രീ.പി.സി.ബഷീർ | 249762/- | 6/18-19/4.05.2018 |
| 24 | 188/18-19ചാലിൽകണ്ടി<br>മയങ്ങിൽ റോഡ്<br>AE/LSGD/UKLM/68/ | 299818/- | 08/18-19/21.05.2018 |

| | | | |
|---|---|---|---|
| | 17-18/07.03.2018<br>കരാറുകാരൻ-.ശ്രീ.പി.സി.ബഷീർ | | |
| 25 | 191/18-19ആമിഞ്ചേരി<br>കരിഞ്ചേരി റോഡ്<br>AE/LSGD/UKLM/65/<br>17-18/07.03.2018<br>കരാറുകാരൻ-.ശ്രീ.പി.സി.ബഷീർ | 349609/- | 7/18-19/24.05.2018 |
| 26 | 228/18-19അരിക്കരകണ്ടി<br>മുക്ക് പാറക്കണ്ടി റോഡ്<br>AE/LSGD/UKLM/61/<br>17-18/08703.2018<br>കരാറുകാരൻ-.ശ്രീ.പി.സി.ബഷീർ | 498292/- | 13/18-19/18.08.2018 |
| 27 | 268/18-19<br>വാഴയിൽ റോഡ്<br>AE/LSGD/UKLM/77/<br>17-18/.2018 കരാറുകാരൻ-.<br>ശ്രീ.പി.സി.ബഷീർ | 146557/- | 70/18-19/18.08.2018 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 34 /2018-19 തീയതി. 17.02.20 യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ അധികം നൽകിയ തുക കരാറുകാരിൻനിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 പൊതു മരാമത്ത് പ്രവൃത്തികൾ- നടത്തിപ്പിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പഞ്ചായത്തിലെ പൊതു മരാമത്ത് പ്രവൃത്തികളിൽ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. **പൊതു മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്ന് അധികമായി ഓവർ ഹെഡ് ചാർജ് ഈടാക്കുന്നു**

പൊതു മരാമത്ത് പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ് വെയർ വഴി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തികൾ നടപ്പാക്കുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് ജി.ഒ(ആർ.ടി)2480/ 2010/ തസ്വഭവ/29.07.2010 നമ്പർ ഉത്തരവ് പ്രകാരം 10% ഓവർഹെഡ് ചാർജ്ജും അതിന്മേൽ കരാറുകാരന്റെ 10% ലാഭവും ഉൾപ്പെടുത്തിയാണ്. MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് പ്രകാരമുള്ള ഡാറ്റയെ അടിസ്ഥാനമാക്കിയാണ് PRICE LSGD ൽ MoRD പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത്. സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സമീപനങ്ങളും പൊതുമാനദണ്ഡങ്ങളും വിവരിക്കുന്ന ആമുഖത്തിലെ ഖണ്ഡിക നം. 4 ൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിന്റെ സാഹചര്യം വ്യക്തമാക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പ്രവൃത്തികൾക്ക് 20% വും OH കണക്കാക്കിയത് 17

ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചുകൊണ്ടാണെന്ന് മേൽപറഞ്ഞ ഖണ്ഡികയിൽ സൂചിപ്പിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവ പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, വൈദ്യുതി, സൈറ്റിലെ താമസം എന്നിവയുമുള്ള ചെലവ്, സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്, ലേബർ നിയമ പ്രകാരമുള്ള ചെറിയ തോതിലുള്ള ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്, മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്, MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്, വാച്ച് & വാർഡ് ഏർ പ്പെടുത്തുന്നതിനുള്ള ചെലവ്, നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയാണ്. ഗ്രാമപഞ്ചായത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ മേൽപറഞ്ഞവ അപ്രസക്തമായ ഘടകങ്ങൾ ആണ്. ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതായതു കൊണ്ടും ഇതുതന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രോജക്ട് ചെലവ് മാത്രം വരുമെന്നതിനാലും മേൽപറഞ്ഞ ചെലവുകൾ കരാറുകാരന് വഹിക്കേണ്ടി വരുന്നില്ല. എന്നാൽ വലിയ പ്രവൃത്തികൾക്കെന്ന പോലെ ഓവർഹെഡ് ചാർജ്ജ് പൂർണ്ണമായും (10%) നൽകുന്നത് അനർഹമാണ്. കൂടാതെ ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നു. ഈ സോഫ്റ്റ് വെയറിൽ തന്നെ തയ്യാറാക്കുന്ന MoRTH സ്പെസിഫിക്കേഷനിൽ റോഡ് നിർമ്മാണ ത്തിന് 5% ഓവർഹെഡ് ചാർജ്ജാണ് നല്കിവരുന്നത് . മേൽ സാഹചര്യത്തിൽ കരാറുകാർക്ക് ഓവർഹെഡ് ചാർജ്ജിലത്തിൽ അധിക തുക നൽകിയിട്ടുണ്ട്.

2.**കണക്ടിവിറ്റി മാപ്പില്ലാതെ റോഡു പ്രവർത്തികൾ നടപ്പിലാക്കുന്നു**

ജി.ഒ (എം.എസ്)11/2018/തസ്വഭവ/29.01.2018 നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 7-13 പ്രകാരം റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത് പഞ്ചായത്ത് തൻ വർഷം പൊതുമരാമത്ത് മേഖലയിൽ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവർത്തികൾ നടപ്പിലാക്കിയത് മൂലം ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല. കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിലല്ല പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ കണക്ടിവിറ്റി മാപ്പില്ലാതെ പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും പ്രവർത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനും പാഴ് ചെലവുണ്ടാകുന്നതിനും സാഹചര്യം ഉണ്ടാക്കുന്നു. കൃത്യമായ കണക്ടിവിറ്റിയില്ലാതെ സമഗ്ര പദ്ധതികൾ തയ്യാറാക്കാതെ ചെറിയ പദ്ധതി കളാണ് തയ്യാറാക്കി നടപ്പിലാക്കുന്നത് .

3.**റോഡു റജിസ്റ്റർ ഹാജരാക്കിയില്ല**

റോഡ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള റോഡ് പ്രവൃത്തികൾ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡിലാണോ എന്ന് പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല.

4.**ആസ്തി റജിസ്റ്റർ പൂർണമല്ല.**

ആസ്തി റജിസ്റ്റർ കാലാനുസൃതമായി പരിഷ്ക്കരിച്ച് കാര്യക്ഷമമാക്കിയിട്ടില്ല. പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവർത്തികൾ പൂർണമായും ആസ്തി റജിസ്റ്ററിൽ ചേർത്തിയിട്ടില്ല. ഉദാഹരണം കാന്തപുരം നെരോത്ത് പരന്ന പാറ റോഡ് എന്ന പേരിലുള്ള റോഡ് ആസ്തി റജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

5. **പ്രവർത്തികൾ മോണിറ്റർ ചെയ്യുന്നില്ല**

പഞ്ചായത്തിൽ തൻ വർഷം നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവർത്തി ഫയലുകളിലൊന്നിലും മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ടുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6. .**പ്രവർത്തികളുടെ എണ്ണത്തിലുള്ള ബാഹുല്യം ഫണ്ട് നഷ്ടമാകുന്നതിനിടയാക്കുന്നു**

പഞ്ചായത്ത് തൻ വർഷം 163 പോതുമരാമത്ത് പ്രവർത്തികൾക്ക് അംഗീകാരം വാങ്ങിയ്ട്ടുണ്ട് . ഇതിൽ 66 എണ്ണം നടപ്പിലാക്കിയിട്ടില്ല. ഈ പ്രവർത്തികൾക്ക് വേണ്ടി വകയിരുത്തിയ തുകകൾ പഞ്ചായത്തിന് നഷ്ടമായി. കൂടാതെ ഈ വർഷത്തെ ഫണ്ടിൽ നിന്ന് 65 സ്പിൽ ഓവർപ്രവർത്തികൾക്ക് തുക വകയിരുത്തി ചെലവഴിയ്ക്കേണ്ടതായി വന്നിട്ടുണ്ട്.

7. **കൃത്യമായ അവസ്ഥാ രേഖയുടെ അടിസ്ഥാനത്തിലല്ല പദ്ധതികൾ തയ്യാറാക്കുന്നത്.**

ജി.ഒ (എം.എസ്)11/2018/തസ്വഭവ/29.01.2018 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത് വർക്കിങ്ങ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരിയ്ക്കുന്നതിന് മുന്നോടിയായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വികസന മേഖല അഭിമുഖീകരിയ്ക്കുന്ന പ്രശ്നങ്ങളും സാധ്യതകളും വിശകലനം ചെയ്ത് ലക്ഷ്യം നേടുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവ ഉൾപ്പെട്ടതായിരിക്കണം സ്റ്റാറ്റസ് റിപ്പോർട്ട്. ഇവിടെ വിശദമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. മുൻ വർഷങ്ങളിൽ ഏറ്റെടുത്ത പ്രൊജക്ടുകളുടെ വിശദാംശങ്ങൾ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ എന്നിവ അവസ്ഥാരേഖയുടെ ഭാഗമാക്കിയിട്ടില്ല. തയ്യാറാക്കിയിട്ടുള്ള സ്റ്റാറ്റസ് റിപ്പോർട്ടിലെ പല പദ്ധതി നിർദ്ദേശങ്ങളും പോതുമരാമത്ത് മേഖലയിൽ പദ്ധതികൾ രൂപീകരിച്ചപ്പോൾ പരിഗണിച്ചിട്ടില്ല.

8. **വർക്കിങ്ങ് ഗ്രൂപ്പ് ചുമതലാ നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്നു.**

ജി.ഒ (എം.എസ്)11/2018/തസ്വഭവ/29.01.2018 നമ്പർ ഉത്തരവ് 3.12 പ്രകാരം വർക്കിങ്ങ് ഗ്രൂപ്പുകൾ പദ്ധതി നിർവ്വഹണത്തിൽ വഹിക്കേണ്ട പങ്കുകൾ വിശദമാക്കുന്നുണ്ട്. ഇത് പ്രകാരം പഞ്ചായത്തിലെ പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് പ്രവർത്തിയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. കാരണം 12.02.2018,19.11.2018,.12.12.2018 എന്നീ തിയ്യതികളിലെല്ലാം ചേർന്നിട്ടുള്ള വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളിൽ തീരുമാനങ്ങളൊന്നും എഴുതാതെ പേജുകൾ ഒഴിച്ചിട്ട അവസ്ഥയിലാണ്. 2018-19 വർഷത്തെ പദ്ധതികളുടെ മോണിറ്ററിങ്ങും 2019-20 വർഷത്തെ പദ്ധതി രൂപീകരണവും വർക്കിങ്ങ് ഗ്രൂപ്പ് വഴിയല്ല നടത്തിയത് എന്ന് വ്യക്തമാണ്. കാരണം 2019 ൽ ഒരു തവണ പോലും പോതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് യോഗം ചേർന്നിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 കായിക പ്രതിഭകളെ കണ്ടെത്തൽ പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പദ്ധതി - എസ്.ഒ 287 /19

ചെലവ് - 30000 ചെക്ക് നമ്പർ,തിയ്യതി - തനത് ഫണ്ട് (2425867/22.02.2019,)

ഗെയിംസ് ഫെസ്റ്റിവലുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തലത്തിൽ ക്ലബുകളെ സംഘടിപ്പിച്ച് വോളിബോൾ ഫുട് ബോൾ മത്സരങ്ങൾ നടത്തി മേൽ ഇനത്തിൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിന് ജില്ലാ പ്ലാനിങ്ങ് ഒഫീസറുടെ 20.06.2018ലെ 55911/18/ഡിപിസി/ഡിപിഒ/കെകെഡി(1) നമ്പർ കത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് .

1. മേൽ ഉത്തരവിൽ യൂത്ത് ക്ലബ് ഏകോപന സമിതികൾ രൂപീകരിച്ച് മത്സരങ്ങൾ സംഘടിപ്പിച്ച് മത്സരങ്ങളിൽ മികച്ച പ്രകടനം നടത്തുന്നവരെ തെരഞ്ഞെടുത്ത് തദ്ദേശ ഭരണ സ്ഥാപന തല ടീം രൂപീകരിയ്ക്കേണ്ടതാണ്. ഇത്തരത്തിൽ ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള ഫുട് ബോൾ ക്രിക്കറ്റ് ടീമിന്റെ വിശദാംശങ്ങളും പ്രസ്തുത ടിം ഗ്രാമ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

2. പദ്ധതി നടത്തിപ്പിനായുള്ള ചെലവ് തുകയിൽ ക്രിക്കറ്റ്ടൂർണമെന്റ് നടത്തിയതിന്റെ ചെലവ് ശ്രീ.അനൂപ്.സി.കെയുടെയും. ഫുട്ബോൾ ടൂർണമെന്റ് നടത്തിയതിന്റെ ചെലവ് ശ്രീ. റിസ് വാൻ തങ്ങൾ എന്നവരുടെയും അക്കൗണ്ടിലേയ്ക്കാണ് നൽകിയിട്ടുള്ളത്. ഈ രണ്ടു ഗുണഭോക്താക്കൾക്കും പദ്ധതി നടത്തിപ്പുമായുള്ള ബന്ധം കാണിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-19 അത്തായക്കുന്ന് കുടിവെള്ള പദ്ധതി - പ്രവർത്തി ചെയ്തതിലും കൂടുതൽ തുക കരാറുകാരന് അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - എസ്.ഒ 254 /19 (സ്പിൽ ഓവർ)

ചെലവ് - 135000

ബിൽ നമ്പർ,തിയ്യതി - 100000-തനത് ഫണ്ട് (8778834/29.11.18,)
35000 -ധനകാര്യ കമ്മീഷൻ അവാർഡ് (22/29.11.18 )

കരാറുകാരൻ - ശ്രീ.ഇ. ശശീന്ദ്രൻ

കരാർ - 98/1718/20.03.2018

അത്തായക്കുന്ന് കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത് . ശ്രീ.ഇ. ശശീന്ദ്രൻ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലാണ് പ്രവർത്തി ഏറ്റെടുത്ത് പൂർത്തിയാക്കിയാക്കിയിട്ടുള്ളത് . പ്രവർത്തിയുടെ അളവ് പുസ്തകം ( 367/17-18) പേജ് 27 പ്രകാരം ആകെ പ്രവർത്തി മൂല്യം 132210 രൂപയാണ്. ഇത് പ്രകാരമാണ് പ്രവർത്തി ബില്ല് തയ്യാറാക്കിയതെങ്കിലും തുക നൽകിയപ്പോൾ കരാറുകാരന് അധിക തുക അനുവദിച്ചിട്ടുണ്ട്. 1322 രൂപ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിലേയ്ക്കും 1322 രൂപ ആദായ നികുതിയായും അടവാക്കി ബാക്കി 129566രൂപയായിരുന്നു കരാറുകാരന് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ആദായനികുതിയും ക്ഷേമനിധിയും കഴിച്ച് 132356 രൂപ നൽകിയതിനാൽ 2790 രൂപ കരാറുകാരന് അധികം അനുവദിച്ചിട്ടുണ്ട് (135000-132210). അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ്എൻക്വയറി.നം.30/ 18-19 തിയ്യതി 17.02.2020 മറുപടി ലഭ്യമാക്കിയിട്ടില്ല. 2790 രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 ഹരിത വിദ്യാലയം പദ്ധതി -ലക്ഷ്യം കൈവരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പദ്ധതി - എസ്.ഒ 112 /19

അടങ്കൽ - 200000

ചെലവ് - 116450

ബിൽ നമ്പർ,തിയ്യതി - 12/18-19/27.03.2019,)

വിദ്യാലയ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പഞ്ചായത്ത് പരിധിയിലുള്ള 21 ഗവൺമെന്റ്/എയിഡഡ് സ്കൂളുകൾക്ക് ഫല വൃക്ഷങ്ങളും പൂച്ചെടികളും വിതരണം ചെയ്ത് തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് സ്കൂളുകളെ ഹരിതാഭമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൽ 400 കളിമൺ ചട്ടികൾ (49500), 850 മുള ചെടി തൈകൾ (21250) 620ഫല വൃക്ഷതൈകൾ (45700) എന്നിങ്ങനെ പർച്ചേസ് നടത്തിയിട്ടുണ്ട് . പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) 03/2019 ൽ തൈകൾ വിതരണം ചെയ്തതായി സ്റ്റോക്ക് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മുളതൈകൾ സ്കൂളുകളിൽ ലഭിച്ചിട്ടുള്ളത് 1/2020ൽ ആണ്. അവയൊന്നും നട്ടു പിടിപ്പിച്ചിട്ടില്ല. ഉണങ്ങിയ അവസ്ഥയിൽ സ്കൂൾ ഗ്രൗണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്.

2) ഫലവൃക്ഷ തൈകൾ 3/2019 ൽ സ്കൂളിൽ വിതരണം ചെയ്തിട്ടുണ്ടെങ്കിലും സ്കൂളുകളിൽ അവ നട്ടു പിടിപ്പിച്ചത് വളർന്നു വന്നിട്ടില്ല. ഇതിന് കാരണം മധ്യവേനലവധിയ്ക്ക് സ്കൂൾ അടയ്ക്കുന്ന സമയത്ത് തൈകൾ വിതരണം ചെയ്തതാണ്.

3) ജി.ഒ.(എം.എസ്)22/2018/തസ്വഭവ/14.02.2018 ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം സ്കൂൾ പരിസ്ഥിതി സംരക്ഷണത്തിനായി വൃക്ഷ പരിപാലനം നടത്തുമ്പോൾ സ്കൂൾ കോംമ്പൗണ്ടുകൾക്കും കളിസ്ഥലങ്ങൾക്കും കോട്ടം തട്ടാത്ത വിധത്തിൽ തേക്ക്, മഹാഗണി , ഈട്ടി വേപ്പ്, പേര തുടങ്ങിയ മരങ്ങളാണ് വച്ചു പിടിപ്പിക്കേണ്ടത്. മുള തൈകൾ സ്കൂൾ പരിസരത്ത് വച്ച് പിടിപ്പിക്കുന്നത് ഗുണകരമല്ല. GMUP പൂനൂർ GHSS ശിവപുരം എന്നീവിടങ്ങളിൽ 150 വീതം മുള തൈകൾ നൽകിയിട്ടുണ്ട്. സ്ഥല സൗകര്യങ്ങൾ പരിശോധിക്കാതെയാണ് വിതരണം ചെയ്തിട്ടുള്ളത്

4) തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പദ്ധതി നടപ്പിലാക്കുമെന്ന പദ്ധതി നിർദ്ദേശവും പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-21 കള്ളാടി സമുദായ ഉപപദ്ധതി -പ്രോജക്ക് ചെലവ്ലാമമാത്രം പദ്ധതിപ്പണം പാഴായി

പ്രോജക്റ്റ്നമ്പർ - 100/19

വകയിരുത്തിയ തുക -150000

ചെലവിതുക - 19350(ബിൽ നമ്പർ 14/18-19 തി 23-3-19)

കള്ളാടിസമുദായം ഉൾപ്പെടെയുള്ള പട്ടികജാതിവിഭാഗത്തിലെ തീർത്തും പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവരുടെ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ, ശുചിത്വ ഉന്നമനം ലക്ഷ്യമാക്കി നടപ്പിലാക്കാൻ ഉദ്ദേശിച്ച പ്രോജക്റ്റാണിത്. 27-9-2018ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻകമ്മറ്റിയോഗം ജില്ലാപട്ടികജാതി വികസന ഓഫീസർ പ്രോജക്റ്റ് പ്രത്യേകമായി മേൽനോട്ടം വഹിക്കണമെന്ന നിർദേശത്തോടുകൂടി പ്രൊജക്റ്റിന് പ്രത്യേകാനുമതി നൽകിയിട്ടുണ്ട്. ബഹുവർഷപ്രോജക്റ്റായി നടപ്പിലാക്കാൻ അംഗീകാരംലഭിച്ചിട്ടുള്ള ഈപ്രോജക്റ്റിന് സാമ്പത്തികവർഷം 15ലക്ഷം രൂപ വികസന ഫണ്ട് വകയിരുത്തിയിട്ടുണ്ട് ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഇനം | വകയിരുത്തിയ തുക |
|---|---|
| ഹാപ്പിപാരന്റ് പരിശീലനം | 100000 |
| ആരോഗ്യക്യാമ്പുകൾ | 100000 |
| പൈപ്പ്കമ്പോസ്റ്റ് | 200000 |
| വയോജനങ്ങൾക്ക് ആരോഗ്യരക്ഷാഉപകരണങ്ങൾ | 200000 |
| മത്സരപരീക്ഷാപരിശീലനം | 500000 |
| കുട്ടികൾക്കുള്ളപഠന പരിശീലനം | 350000 |
| പ്രോജക്റ്റ് പരിശീലനം | 50000 |

മേൽ സമുദായങ്ങളുടെ സമഗ്ര വികസനത്തിന് ഉതകുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ പ്രോജക്റ്റ് വിഭാവനം

ചെയ്തിരുന്നെങ്കിലും അവയൊന്നും തന്നെ നടപ്പാക്കിയതായി കാണുന്നില്ല. സാമ്പത്തിക വർഷത്തിൽ ആരോഗ്യക്യാമ്പുകൾ നടത്തുന്നതിനായി 19350 രൂപ ചെലവഴിച്ചതാണ് പ്രോജക്ട് നടത്തിപ്പിനായി സാമ്പത്തിക വർഷത്തെ ആകെ ചെലവ്. വികസനഫണ്ട് S.C.P വിഹിതം ഇനത്തിൽ വൻതുക വകയിരുത്തി നടപ്പാക്കിയ പ്രോജക്ടിന് ചെലവുതുക നാമമാത്രമായതിനാൽ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിന് ചെലവഴിക്കാമായിരുന്ന 1480650 രൂപ നഷ്ടപ്പെട്ടിരിക്കുകയാണ്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 1-22 സിമന്റ് കട്ട നിർമ്മാണ യൂണിറ്റ് ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചില്ല.

പ്രൊജക്ട് നമ്പർ - 148/19
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി.

വകയിരുത്തിയ തുക - 648500

ചെലവുതുക - 178880 (order No476/28.3.19)

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ വർക്ക് എന്ന സാധ്യത പ്രയോജനപ്പെടുത്തി ലൈഫ് ഭവനപദ്ധതി ഉൾപ്പെടെ അർഹരായ വ്യക്തിഗത ഗുണഭോക്താക്കൾക്കും പഞ്ചായത്തിന്റെ പൊതു ആവശ്യങ്ങൾക്കു സിമന്റ് കട്ട, കട്ടില മുതലായ ഉത്പന്നങ്ങൾ സൗജന്യമായോ, സൗജന്യ നിരക്കിലോ വിതരണം ചെയ്യുന്നതിന് പ്രത്യേകാനുമതിയോടുകൂടി നടപ്പിലാക്കിയതാണ് ഈ പ്രൊജക്ട്. യൂണിറ്റ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം, തൊഴിലാളികൾ എന്നിവ തിട്ടപ്പെടുത്താതെ 18-3-19 ന് ടെണ്ടർ നടപടികളിലൂടെ ഡ്രീം ഹൊം ഫർണീച്ചർ, ബാലുശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും ആവശ്യത്തിനുള്ള മെഷീൻ, പി.വി.സി. വാട്ടർ ടാങ്ക് എന്നിവ വാങ്ങിയിട്ടുണ്ട്. സാമ്പത്തിക വർഷം തുടർ നടപടികളൊന്നും കൈകൊണ്ടതായി കാണുന്നില്ല. 25.7.19 ന് പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സിമന്റ് കട്ട നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനത്തിനായി 11 പേരടങ്ങുന്ന ഒരു എസ്.ടി. തൊഴിൽ ഗ്രൂപ്പ് രൂപീകരിച്ച് ഗ്രൂപ്പിനെ കുടുംബശ്രീയിൽ J.L.G.ഗ്രൂപ്പായി അഫിലിയേറ്റ് ചെയ്യാൻ തീരുമാനിച്ചു. അഫിലിയേഷൻ കിട്ടുന്ന മുറക്ക് സിമന്റ് കട്ട നിർമ്മാണത്തിന് ആവശ്യമായ പരിശീലനവും, ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും തീരുമാനിച്ചു. വനിതാ അംഗങ്ങൾക്ക് 1.11.19, 2.11.19 തിയ്യതികളിൽ സിമന്റ് കട്ട നിർമ്മാണത്തിനുള്ള പരിശീലനം നൽകിയതായി യോഗമിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യൂണിറ്റ് നിർമ്മാണത്തിന് സ്ഥലം ലഭ്യമാവാത്തതിനാൽ നിലവിൽ പഞ്ചായത്ത് കമ്യൂണിറ്റി ഹാളിനോടനുബന്ധിച്ചുള്ള റൂമിൽ താൽകാലികമായി പ്രവർത്തിക്കുന്നതായി അറിയിച്ചതനുസരിച്ച് പഞ്ചായത്ത് അസി.സെക്രട്ടറിയുടെ സാനിധ്യത്തിൽ സ്ഥലം സന്ദർശിച്ചതിൽ യൂണിറ്റിൽ ഇപ്പോൾ പ്രവർത്തികളൊന്നും നടക്കുന്നില്ലെന്ന് കണ്ടു. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്ന ഈ യൂണിറ്റ് ആകെ 40 തൊഴിൽ ദിനങ്ങൾ മാത്രമാണ് തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിലാളികൾക്ക് നൽകിയിട്ടുള്ളത്. നിലവിൽ വൈദ്യുതി തകരാറു കാരണവും തൊഴിലുറപ്പു പദ്ധതിയിൽ തൊഴിൽ പ്രദാനം ചെയ്യാത്തതിനാലും ആണ് യൂണിറ്റ് പ്രവർത്തിക്കാത്തതെന്ന് അസി.സെക്രട്ടറി അറിയിച്ചു.

സിമന്റ് കട്ട യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം പോലും കണ്ടെത്താതെ തിടുക്കപ്പെട്ട് പർച്ചേസ് നടത്തിയതിൽ വിശദീകരണം ആവശ്യമാണ്. യൂണിറ്റ് പ്രവർത്തനക്ഷമമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-23 വിത്ത് മുതൽ വിപണിവരെ -പ്രൊജക്ട് പാതിവഴിയിൽ

പ്രൊജക്ട് നമ്പർ - 300/19
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി.

വകയിരുത്തിയ തുക - 600000

ചെലവുതുക - 60100 (ചെക്ക് നമ്പർ 14586401 തി.21.3.19)

ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് ഇടനിലക്കാരിൽ നിന്നുള്ള ചൂഷണം ഒഴിവാക്കികൊണ്ട് തങ്ങളുടെ കാർഷികോത്പന്നങ്ങൾ മെച്ചപ്പെട്ട വിലക്ക് വിറ്റഴിക്കുന്നതിനും കാർഷിക മേഖലക്ക് ആവശ്യമുള്ള വിത്ത്, തൈ ഉൾപ്പെടെയുള്ള നടീൽ വസ്തുക്കൾ ന്യായവിലക്ക് ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ഉള്ളതാണ് ഈ പ്രൊജക്ട്. അതേ സമയം ഉപഭോക്താക്കൾക്ക് മികച്ച ഭക്ഷ്യ കാർഷിക ഉത്പന്നങ്ങൾ ന്യായവിലക്ക് ലഭ്യമാക്കുന്നതിനും കുടുംബശ്രീ ഉൾപ്പെടെയുള്ള കാർഷിക സംഘങ്ങൾക്ക് വരുമാന ദായകതരത്തിൽ ചെറുവിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതിനും ഇത് സഹായകമാകും. പഞ്ചായത്തിലെ കാർഷിക,മൃഗസംരക്ഷണ മേഖലയിലെ മുഴുവൻ കർഷകർക്കും വിത്തു മുതൽ വിപണി വരെ പ്രദാനം ചെയ്യുന്നതിന് ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതിക്ക് വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ പ്രത്യേകാനുമതിയോടുകൂടി ബഹുവർഷ പ്രൊജക്ടായാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിച്ചത്. മേൽപറഞ്ഞ ഉദ്ദേശ ലക്ഷ്യങ്ങൾക്കൊപ്പം തന്നെ മഹാത്മാഗാന്ധിദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത കാർഷിക മേഖലയിൽ ഉപയോഗപ്പെടുത്തി കർഷകർക്ക് ആവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനും വന്യഫലവൃക്ഷ ഔഷധത്തൈകളുടെ ഉൽപാദനത്തിലൂടെയും നട്ടുപടിപ്പിക്കലിലൂടെ പഞ്ചായത്തിനെ ഹരിതാഭമാക്കുന്നതിനും പ്രോജക്ട് ലക്ഷ്യമിടുന്നു .

ഇതിന്റെ നടത്തിപ്പിനായി 10000 രൂപ നിക്ഷേപിക്കാൻ തയ്യാറുള്ള ഇരുപതോ അതിലധികമോ ഉള്ളകർഷകരുടെ കൂട്ടായ്മ രൂപീകരിക്കാനും അധികമായി വേണ്ടിവരുന്ന പണം ബാങ്ക് വായ്പയായി സ്വരൂപിക്കാനും പ്രോജക്ട് നിർദേശിക്കുന്നു. അതത് കാലത്ത് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ 7 പേരടങ്ങുന്ന ഒരു ഭരണ സമിതിയായിരിക്കും ആയതിന്റെ പ്രവർത്തനം മുന്നോട്ട് നയിക്കുക.

മേൽ പ്രോജക്ടിന് 2018-19 വർഷം വിവിധ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയുടെ വിശദവിവരം താഴെകൊടുക്കുന്നു

| പ്രവർത്തിയുടെ വിവരം | വകയിരുത്തിയതുക പഞ്ചായത്ത് വിഹിതം | ഗുണഭോക്തൃവിഹിതം |
|---|---|---|
| കാർഷിക വിപണന സംവിധാനം നടപ്പാക്കുന്നതിന് 10000 രൂപവീതം സംഘങ്ങളിൽ നിക്ഷേപിക്കാൻ തയ്യാറുള്ള കർഷകരുടെ കൂട്ടായ്മ രൂപീകരിക്കുക | 10000 | ------------- |
| കർഷകരിൽനിന്നും ഉൽപ്പനങ്ങൾ ന്യായവിലക്ക് സംഭരിക്കുക ഉപഭോക്താക്കൾക്ക് മികച്ച ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുക | 50000 | 400000 |
| M.N.R.E.G.S പദ്ധതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി കാർഷിക നേഴ്സറികൾ രൂപീകരിച്ച് വിത്ത് ഉൾപ്പെടെയുള്ള നടീൽ വസ്തുക്കൾ വാങ്ങി തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക | 100000 | -------- |
| കാർഷിക വിപണന കേന്ദ്രത്തിലേക്കാ-വശ്യമായ ഉപകരണങ്ങൾ വാങ്ങൽ | 40000 | --- |

എന്നാൽ പ്രോജക്ട് നിർവഹണത്തിനായി ആദ്യഘട്ടം നടപ്പിൽ വരുത്തേണ്ട പത്തോ അതിലധികമോ ഉള്ളകർഷകരുടെ കൂട്ടായ്മ രൂപീകരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ലാത്തതിനാൽ പ്രോജക്ട് സ്തംഭനാവസ്ഥയിലാണ്. പ്രോജക്ടിന്റെ പ്രധാനഘടകമായ കാർഷിക കൂട്ടായ്മ രൂപീകരിക്കാതെ 2018-19

സാമ്പത്തികവർഷത്തിൽ നിർഹണ ഉദ്യോഗസ്ഥനായ കൃഷിഓഫീസർ 60100 രൂപ വിവിധ ഇനം തൈകളും വിത്തുകളും ശേഖരിക്കുന്നതിനായി ഉസ്മാനിയ നേഴ്സറി മാനന്തവാടി എന്നസ്ഥാപനത്തിന് മേൽ ബിൽ പ്രകാരം നല്കിയതായി കാണുന്നു. പ്രോജക്ട്നിർവഹണത്തിന്റെ പ്രാഥമിക ഘട്ടം പൂർത്തിയാക്കാതെ വിത്തുകളും തൈകളും വാങ്ങുന്നതിന് ചെലവഴിച്ച മുഴവൻ തുകക്കും വിത്തുകളും തൈകളും ലഭ്യമായിട്ടുണ്ടോഎന്നും ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് എങ്ങനെ ഉപയോഗപ്പെടുത്തി എന്നതിന്റെ വിവരങ്ങളൊന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വിത്തുകളുടെയും തൈകളുടെയും ലഭ്യതയുടെയും വിനിയോഗത്തിന്റെയും വിവരം ലഭ്യമാക്കേണ്ടതുമാണ്. ചെലവുതുക 60100 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-24 ആട് വിതരണം പട്ടികജാതി- ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കിയില്ല.

പ്രൊജക്ടിന്റെ പേര് - ആട് വിതരണം എസ്.സി

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

വകയിരുത്തിയ തുക - 117000

ചെലവുതുക - 54000 (ബിൽ നമ്പർ 11/18-19 തി 28.2.19- 18000

14/18-19 തി .27.3.19-27000

20/18-19 തി- 27.3.19-9000

മേൽ പ്രൊജക്ട് പ്രകാരം 6 ഗുണഭോക്താക്കൾക്ക് 2 ആടുകളെ വീതം വാങ്ങുന്നതിനായി സബ്സിഡി ഇനത്തിൽ 9000 രൂപ വീതം ആടിനെ വിറ്റ ആളുകളുടെ ബാങ്ക് എകൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.സ.ഉ.നമ്പർ 22/18 ത.സ്വ.ഭ.വ. തിരുവനന്തപുരം തി. 14.2.18 ഖണ്ഡിക 6.2.5 പ്രകാരം പട്ടികജാതി വിഭാഗത്തിന് 75% സബ്സിഡി ഇനത്തിൽ പരമാവധി 15000 രൂപക്ക് അർഹതയുണ്ട്. എന്നാൽ മേൽ പ്രൊജക്ടുപ്രകാരം ഗുണഭോക്താക്കൾക്ക് 50% സബ്സിഡി മാത്രമെ നൽകിയിട്ടുള്ളു. കൂടാതെ പ്രസ്തുത മാർഗരേഖ പ്രകാരം യൂണിറ്റ് കോസ്റ്റും ആടിന്റെ എണ്ണവും ജില്ലാതലത്തിൽ നിശ്ചയിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ജില്ലാ മൃഗസംരക്ഷണ ഓഫീസർ നിർണയിച്ചുനൽകിയ യൂണിറ്റ് കോസ്റ്റിൽ ആടിന്റെ പ്രായം, ശരീരഭാരം എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് വില നിർണയിക്കാൻ നിഷ്കർഷിക്കുന്നത്. എന്നാൽ അത്തരമൊരു മാനദണ്ഡപ്രകാരമല്ല നിർവഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്. രണ്ട് ആടുകളെ വാങ്ങിയതിനായി 9000 രൂപ സബ്സിഡി അനുവദിച്ചിരിക്കയാണ്. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-25 അഗതി ആശ്രയ പ്രൊജക്ട്-കുടുംബശ്രീ എകൗണ്ടിൽ പദ്ധതി വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

പ്രൊജക്ട് നമ്പർ - 7/19

വകയിരുത്തിയ തുക - 900000

ചെലവുതുക - 900000(ബിൽ നമ്പർ 2/18-19 തി1.10.18)

അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി മേൽ പ്രൊജക്ട് പ്രകാരംഅഗതി ആശ്രയ ഭവന നിർമ്മാണത്തിനായി 600000 രൂപയും ഭവന പുനരുദ്ധാരണത്തിന് 300000 രൂപയും ഉൾപ്പെടെ ഒൻപത് ലക്ഷം രൂപ കെ.ഡി.സി.ബാങ്ക് പൂന്നൂർ ബ്രാഞ്ചിലുള്ള കുടുംബശ്രീ അക്കൗണ്ടിലേക്ക് തൻവർഷം കൈമാറിയിട്ടുണ്ട്. ഭവന നിർമ്മാണത്തിനും , ഭവന പുനരുദ്ധാരണത്തിനും ആവശ്യമായ തുക മുൻകൂർ പിൻവലിച്ച് കുടുംബശ്രീ അക്കൗണ്ടിലേക്ക് മാറ്റുന്നത് സ.ഉ.(എം എസ്) നമ്പർ11/18 . ത.സ്വ.ഭ.വ. തി.29.1.18 പദ്ധതി മാർഗരേഖക്ക്

വിരുദ്ധമാണ്. വിവിധയിനം ഡപോസിറ്റ്പ്രവർത്തികൾ, ഔഷധങ്ങൾ വാങ്ങൽ എന്നിവക്ക് മാത്രമെ പദ്ധതി വിഹിതം മുൻകൂർ പിൻവലിക്കാൻ നിഷ്കർഷിച്ചിട്ടുള്ളൂ. കുടുംബശ്രീയിൽ നിന്നും ലഭ്യമായ കണക്കുപ്രകാരം 2015-16 സാമ്പത്തിക വർഷം മുതൽ 19-20 സാമ്പത്തിക വർഷംവരെ ഈ വിധത്തിൽ കുടുംബശ്രീക്ക് കൈമാറിയ തുകയിൽ 1150000 രൂപ കുടുംബശ്രീ എകൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ആനുകൂല്യംകൈപറ്റിയ ഗുണഭോക്താക്കളിൽ ഒരാളൊഴികെ മറ്റുള്ള വരെല്ലാം നിർമ്മാണം പൂർത്തീകരിച്ചതായി കുടുംബശ്രീ അധികൃതർ അറിയിച്ചു. ഒരാൾ അവസാന ഗഡുവായി 50000 രൂപ കൈപറ്റാനുള്ളതായും അറിയിച്ചു. 2019-20 സാമ്പത്തിക വർഷം കൈമാറിയ തുകക്ക് ആവശ്യമായ ഗുണഭോക്താക്കളുമായി ഭവനനിർമാണത്തിനുള്ള കരാറിൽ പോലും ഏർപ്പെട്ടതായി കാണുന്നില്ല. അപാകതക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി തുക പിൻവലിച്ച് കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറിയതിന് വിശദീകരണം നൽകേണ്ടതാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-26 ആസ്തി രജിസ്റ്റർ തയ്യാറാക്കൽ- തുടർ നടപടി വിവരം ലഭ്യമായില്ല .

പ്രൊജക്ട് നമ്പർ - 226/19

വകയിരുത്തിയ തുക - 250000 (തനത് ഫണ്ട്)

ചെലവുതുക - ഇല്ല

പഞ്ചായത്തിലെ ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിന് സാമ്പത്തിക വർഷത്തിൽ 250000 രൂപ വകയിരുത്തി പ്രൊജക്ടിന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിന് പഞ്ചായത്ത് തുകയൊന്നും ചെലവഴിച്ചതായി കാണുന്നില്ല.1.10.2018 ൽകൂടിയ പഞ്ചായത്ത് ഭരണ സമിതിയുടെ 4ാം നമ്പർ അജണ്ടയിൽ 1ാം നമ്പർ തീരുമാനമായി ആസ്തിരജിസ്റ്റർ കാലികമാക്കുന്നത് സംബന്ധിച്ചുള്ള പഞ്ചായത്ത് ഡയറക്ടറുടെ 2-8-18 ലെ22652/18 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായി ആസ്തി പരിപാലന കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ആസ്തിരജിസ്റ്റർ രജിസ്റ്റർ നാളിതുവരെ കാലികമാക്കിയിട്ടില്ല. 2014-15 സാമ്പത്തിക വർഷം വരെയുള്ള ആസ്തികളുടെ വിവരങ്ങൾ മാത്രമെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളൂ എന്ന് പഞ്ചായത്ത് അധികൃതർ വ്യക്തമാക്കി.രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് വാങ്ങിയ വാഹനം ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല. രജിസ്റ്റർ കാലികമാക്കുന്നതിനായി പഞ്ചായത്ത് കൈകൊണ്ടിട്ടുള്ള നടപടികൾ അറിയിക്കേണ്ടതാണ്.

## 1-27 പട്ടികജാതി വയോജനങ്ങൾക്ക് ഉപകരണം -അനർഹർക്ക് ആനുകൂല്യം നൽകിയതും മറ്റ് അപാകതകളും

പ്രൊജക്ട് നമ്പർ - 203/19

വകയിരുത്തിയ തുക - 398520
നിർവ്വഹണം - അസി.സെക്രട്ടറി

ചെലവുതുക- 134834(ബിൽ നമ്പർ 11/18-19 തി 25.3.19)

മേൽ പ്രൊജക്ട് പ്രകാരം 31കട്ടിലുകൾ കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന വാങ്ങി പട്ടികജാതിയിൽ പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സ്പിൽ ഓവർ പ്രൊജക്ടായി നടപ്പിലാക്കിയ പ്രൊജക്ടിനായി 65 ഗുണഭോക്താക്കളുടെ ലിസ്റ്റാണ് അംഗീകരിച്ച നൽകിയത്. വാങ്ങിക്കേണ്ട കട്ടിലുകളുടെ എണ്ണം പ്രൊജക്ടിൽ രേഖപ്പെടുത്തിയിട്ടില്ല. അംഗീകരിച്ച നൽകിയ ഗുണഭോക്താക്കൾക്ക് മുഴുവൻ കട്ടിലുകൾ നൽകിയാലും 282750 രൂപ മാത്രമെ വരുന്നുള്ളൂ. ആയതിനാൽതന്നെ പ്രൊജക്ടിനായി സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച 263416 രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കയാണ്. ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ 60 വയസ് പൂർത്തിയാകാത്ത

ഗുണഭോക്താക്കളും ആനുകൂല്യം കൈപറ്റിയതായി കാണുന്നു.സ.ഉ.(എം.എസ്)നമ്പർ 22/18/ത.സ്വ.ഭ.വ. തിയ്യതി.14.2.18 ഖണ്ഡിക 7.1.13 പ്രകാരം 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കാണ് കട്ടിലിന് അർഹത. 60 വയസ് പൂർത്തിയാകാത്ത ഗുണഭോക്താക്കൾക്ക് കട്ടിൽ നൽകിയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | റിമാർക്സ് |
|---|---|
| പെണ്ണുക്ക, നീലഞ്ചേരിമ്മൽ, ഇയ്യാട്, ഉണ്ണികുളം, വാർഡ് 19 | ആധാർ കാർഡ് പ്രകാരം ജനനവർഷം 1960. നിലവിലെ റേഷൻ കാർഡ് പ്രകാരം 55 വയസ് |
| മീനാക്ഷി, കരിങ്കാളിമ്മൽ, ഉണ്ണികുളം, വാർഡ് 7 | ആധാർ കാർഡ് പ്രകാരം ജനനവർഷം 1962. റേഷൻ കാർഡ് പ്രകാരം 51.വയസ് |
| മാളു, തച്ചംപൊയിൽ, കരുമല | ഇലക്ഷൻ I.D.കാർഡ് ജനനതിയ്യതി 25.5.1692. ആധാർ പ്രകാരം ജനനവർഷം-1964, റേഷൻ കാർഡ് 51 വയസ് |

60 വയസ് പൂർത്തിയാകാത്തവർക്കും കട്ടിലുകൾ നൽകാനുണ്ടായ കാരണം വിശദമാ ക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അനർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച കട്ടിലിന്റെ വില 13500 രൂപ ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-28 കുറ്റിക്കുരുമുളക് തൈ, ഇടവിള കൃഷി നടീൽ വസ്തുക്കൾ വിതരണം- അപാകതകൾ

**എ. കുറ്റിക്കുരുമുളക് തൈ വിതരണം**

പ്രോജക്റ്റ് നമ്പർ - 143/19

വകയിരുത്തിയ തുക - 345000

ചെലവുതുക - 345000 (ബിൽനമ്പർ 9/18-19 തി 28-2-18).

മേൽ പ്രോജക്റ്റ് പ്രകാരം കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി കുറ്റിക്കുരുമുളക് തൈകൾക്കായി ഒരെണ്ണത്തിന് 150രൂപ പ്രകാരം 2300 തൈകൾക്ക് ജില്ലാകൃഷി ഫാം കൂത്താളിയിൽ തുക അടവാക്കിയിട്ടുണ്ട്. കുരുമുളക തൈകൾക്കായി തുക അടവാക്കി ഒരുവർഷത്തോളമായിട്ടും മുഴുവൻ തൈകളും ലഭ്യാമായിട്ടില്ലെന്ന് കൃഷി ഓഫീസർ അറിയിച്ചു. നാളിതുവരെ 1525 തൈകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ലഭ്യമായ കുരുമുളക് തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അവ വിതരണം ചെയ്തുവരുന്നതായി കൃഷിഓഫീസർ അറിയിച്ചു. ജില്ലാകൃഷി ഫാമിൽ നിന്നും ലഭിക്കാനവശേഷിക്കുന്ന കുരുമുളക് തൈകൾ ലഭ്യമാക്കാൻകൈക്കൊണ്ട നടപടികൾ അറിയിക്കേണ്ടതും, ലഭ്യമായതിന്റെ വിതരണ രേഖകൾ ലഭ്യമാക്കേണ്ടതുമാണ് ചെലവുതുക 345000 രൂപ തടസ്സത്തിൽ വെക്കുന്നു.

**ബി.ഇടവിളകൃഷി നടീൽ വസ്തുക്കളുടെ വിതരണം**

പ്രോജകട് നമ്പർ - 139/19

വകയിരുത്തിയതുക – 632432

ചെലവുതുക – 632000(ബിൽനമ്പർ13/18-19 തി 22-3-19

നിർവഹണം - കൃഷിഓഫീസർ

മേൽ പ്രോജക്ട് പ്രകാരം 316 രൂപവീതം വിലയുള്ള 2000 ഇടവിളകൃഷി കിറ്റുകൾ ഉണ്ണികുളം ഗ്രാമപഞ്ചായത്ത് കമ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി മുഖേന വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട് . ഇടവിളകൃഷിക്കിറ്റുകളുടെ വിതരണം വിവരം പരിശോധിച്ചതിൽ 3, 6, 10, 12, 15, 16, 19, 20 വാർഡുകളിൽ 696 ഇടവിളകൃഷി കിറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമേ പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന വാർഡുകളിൽ കിറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണവിവരം ലഭ്യമാകാത്ത വാർഡുകളിൽ വിതരണം ചെയ്തകിറ്റുകളുടെ വില 412064 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-29 അംഗനവാടികൾക്ക് കുഴൽ കിണർ നിർമ്മാണം-പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല

പ്രൊജക്ട് നമ്പർ -94/18-19
നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

വകയിരുത്തിയ തുക - 500000

ചെലവുതുക - 103570(ബിൽ നമ്പർ 8/21.8.19)

ഗ്രാമപഞ്ചായത്തിലെ 14 അംഗനവാടികളിൽ കുടിവെള്ള ആവശ്യാർത്ഥം കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് പ്രവർത്തിയായി നടപ്പാക്കുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടത്. ഭൂജല വകുപ്പ് 14 അംഗനവാടികളിൽ നടത്തിയ പര്യവേക്ഷണ റിപ്പോർട്ട് പ്രകാരം 8 അംഗനവാടികളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തി. ആയതിൽ രണ്ടെണ്ണത്തിൽ ഡിപാർട്ട്മെന്റ് റിഗ്ഗുകൾ എത്തിച്ചേരുന്നതല്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അനുയോജ്യമാണെന്ന് കണ്ടെത്തിയ ഉമ്മിണികുന്ന് അംഗനവാടി,പന്നിമറ്റം വയൽ അംഗനവാടി,മുള്ളുവക്കണ്ടി അംഗനവാടി എന്നിവിടങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനായി 103570 രൂപ ഭൂജല വകുപ്പിൽ അടവാക്കുകയും ആയിടങ്ങളിൽ 2019-20 സാമ്പത്തിക വർഷത്തിൽ കുഴൽകിണർ നിർമ്മിച്ച് 96800 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെലവഴിക്കാതെ അവശേഷിച്ച 6770രൂപ ഭൂജല വകുപ്പ് പഞ്ചായത്തിൽ തിരിച്ചടവാക്കുകയും ചെയ്തിട്ടുണ്ട്. കുഴൽകിണർ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയ മറ്റ് 5 അംഗനവാടികളിൽ ഡപോസിറ്റ് വർക്കിന് അനുയോജ്യമായ മൂന്നെണ്ണം ഉൾപ്പെടെ ടെണ്ടർ നടപടികളിലൂടെ 2019-20 സാമ്പത്തിക വർഷത്തിൽ BlueStar Water Well Corporationഎന്ന സ്ഥാപനത്തെ ഏൽപിച്ചതായി കാണുന്നു. ഡപോസിറ്റ് വർക്കിന് അനുയോജ്യമായ അംഗനവാടികളിൽ കുഴൽകിണർ നിർമ്മിക്കുന്നതിനും മേൽസ്ഥാപനത്തിന് ടെണ്ടർനൽകിയതിന്റെ കാരണം വ്യക്തമല്ല. ടെണ്ടർ ഏറ്റെടുത്ത സ്ഥാപനം നാളിതുവരെ കുഴൽകിണർ നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. ആകെ കുഴൽകിണർ നിർമ്മിക്കാൻ ഉദ്ദേശിച്ച 14 അംഗനവാടികളിൽ കുഴൽകിണർ നിർമ്മാണത്തിന് അനുയോജ്യമല്ലാത്ത 6 അംഗനവാടികളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കൈകൊണ്ട നടപടികൾ, ടെണ്ടർ നൽകിയിട്ടുള്ള 5 അംഗനവാടികളിലെ കുഴൽകിണർ നിർമ്മാണം പൂർത്തീകരിച്ച വിവരങ്ങൾ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-30 ആവശ്യത്തിന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് നൽകാത്തതിനാൽ ചെലവ് നാമമാത്രം

പ്രൊജക്ടിന്റെ പേര്- കോഴിവളർത്തൽ എസ്.ടി ഫാമിലി

പ്രൊജക്ട് നമ്പർ- 178/19
നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ.

വകയിരുത്തിയ തുക- 100000

ചെലവുതുക- 7000 (ബിൽ നമ്പർ 15/18-19 തി 27.3.19)

പഞ്ചായത്ത് പരിധിയിലുള്ള 100 പട്ടിക വർഗ കുടുംബങ്ങൾക്ക് 10 വീതം കോഴികളെ വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഭരണസമിതി അംഗീകരിച്ച നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ 10 പേർ മാത്രമെ ഉൾപ്പെട്ടിട്ടുള്ളൂ . ആയതിൽ 7പേർ ആനുകൂല്യം കൈപറ്റിയിട്ടുണ്ട്.പഞ്ചായത്തിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 78 പട്ടിക വർഗ കുടുംബങ്ങളാണുള്ളത്. 78 കുടുംബങ്ങൾക്കും കോഴികളെ വിതരണം ചെയ്താൽതന്നെ 78000 രൂപ പ്രൊജക്ടിൽ വകയിരുത്തിയാൽ മതിയാകുമായിരുന്നിട്ടും 100000 രൂപ പദ്ധതി വിഹിതം വകയിരുത്തി പ്രൊജക്ട് തയ്യാറാക്കി ആവശ്യത്തിന് ഗുണഭോക്താക്കളില്ലാതെ നാമമാത്രമായ തുകമാത്രം ചെലവഴിക്കുകയും അവശേഷിക്കുന്ന തുക നഷ്ടപ്പെട്ടുപോകാനുമുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

## 1-31 സംയുക്ത പ്രൊജക്ടുകൾക്കായുള്ള ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ മുൻ വർഷങ്ങളിൽ വിവിധ സംയുക്ത പ്രൊജക്ടുകൾക്കായി വരവുവന്ന ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നതായി കാണുന്നു.വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 2426904 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 2301556 രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. മേൽ തുകകൾ ഏതെല്ലാം പ്രൊജക്ടുകൾക്കായി ഏതെല്ലാം സാമ്പത്തിക വർഷങ്ങളിൽ വന്ന തുകയാണെന്നതിന്റെ വ്യക്തമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ല.(പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള എ.സി.ആറിൽ നീക്കിയിരിപ്പ് തുകയുടെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല). സ്ഥാപനത്തിന്റെ സംയുക്ത പ്രൊജക്ടുകൾക്കായുള്ള ട്രഷറി എകൗണ്ട് പരിശോധിച്ചതിൽ ആയതിൽ 1577260 രൂപ മാത്രമെ സാമ്പത്തിക വർഷം നീക്കിയിരിപ്പുള്ളൂ. അവശേഷിക്കുന്ന തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് അവശേഷിക്കുന്നത്. ആയത് സംബന്ധിച്ച് വിശദമായി പരിശോധിച്ചതിൽ ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ 2010-11 സാമ്പത്തിക വർഷത്തിൽ ചമ്മിൽ വനിതാ കോമൺ ഫസിലിറ്റി സെന്റർ നിർമ്മാണത്തിനായി വരവുവന്ന 20 ലക്ഷം രൂപ നാളിതുവരെ വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നതായി കണ്ടു. അതെപോലെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയിൽ 650000 രൂപ 2017-18 ൽ ക്ലീൻ ഉണ്ണികുളം ഗ്രീൻ ഉണ്ണികുളം പ്രൊജക്ടിനായിവന്നതിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതും 200000 രൂപ 2016-17ൽ S.C ലാടിൻ നിർമ്മാണത്തിനായി വന്നതിൽചെലവഴിക്കാത്ത തുകയുമാണെന്ന്കാണുന്നു. അവശേഷിക്കുന്ന തുകകൾ ഏതെല്ലാം ഇനത്തിലാണെന്ന് വ്യക്തമാക്കിയിട്ടില്ല. ആയത് വിശദമായി പരിശോധിച്ച് ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദവിവരം ലഭ്യമാക്കേണ്ടതും തുക സർക്കാരിലേക്ക് തിരിച്ചടവാക്കാൻ നടപടികൾ കൈകൊള്ളേണ്ടതുമാണ്.

## 1-32 തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമല്ല.

പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം /ഇനം/തരം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഹൈമാസ്റ്റ്, ലോ മാസ്റ്റ് ലൈറ്റുകളുടെത് ഒഴികെ 5030168 രൂപ പഞ്ചായത്തിൽ നിന്നും അടവാക്കിയിട്ടുണ്ട്.വൈദ്യുതി ചാർജ് കൃത്യമായി അടവാക്കിയിട്ടുണ്ടെങ്കിലും തെരുവു വിളക്കുകളുടെ പരിപാലനത്തിൽ പഞ്ചായത്ത് കാര്യമായി ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല.വിവിധ സാമ്പത്തിക വർഷങ്ങളിൽ തെരുവ് വിളക്കുകളുടെ റിപ്പയറിനായി പഞ്ചായത്ത് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

| വർഷം | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2015-16 | 253/16 തെരുവ് വിളക്ക റിപ്പയർ | 115955 | - |

| | | | |
|---|---|---|---|
| 2016-17 | 104/17-തെരുവ് വിളക്ക് റിപ്പയർ | 150000 | - |
| 2017-18 | 2/18തെരുവ് വിളക്ക് റിപ്പയർ | 150000 | - |
| | 164/18 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ | 200000 | - |
| 2018-19 | 82/19 തെരുവുവിളക്ക് സ്ഥാപിക്കലും റിപ്പയറും | 1000000 | - |
| 2018-19 | 193/19സ്ട്രീറ്റ് ലൈറ്റ് റിപ്പയർ | 200000 | - |

മേൽ സൂചിപ്പിച്ചതിൽ നിന്നും തെരുവിവിളക്കുകളുടെ റിപ്പയറിനായി ഗ്രാമപഞ്ചായത്ത് തുക വകയിരുത്തുന്നുണ്ടെങ്കിലും വിളക്കുകളുടെ റിപ്പയർ പ്രവർത്തികളൊന്നും നടന്നതായി കാണുന്നില്ല. കാലാകാലങ്ങളായി റിപ്പയർ പ്രവർത്തികളൊന്നും നടപ്പിലാക്കാത്തതിനാൽ തെരുവിവിളക്കുകളിൽ ഭൂരിഭാഗവും പ്രവർത്തന രഹിതമായിട്ടുണ്ടാവാം. 6 .6.18 ൽ കൂടിയ ഭരണസമിതി മിനുട്സ് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷ പദ്ധതിയിലുൾപ്പെടുത്തി 3 വർഷത്തെ വാറണ്ടിയോടുകൂടി അലൂമിന ഇലക്ട്രോണിക്സ് എന്ന സ്ഥാപനം സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ പലതും പ്രവർത്തനക്ഷമമല്ലാത്തതിനാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും തകരാർ പരിഹരിക്കാൻ തയ്യാറായിട്ടില്ലാത്തതിനാൽ സ്ഥാപനത്തിനെ രേഖാമൂലം അറിയിച്ച് 15 ദിവസത്തിനകം തകരാർ പരിഹരിച്ചില്ലെങ്കിൽ സ്ഥാപനത്തിനെതിരെ നിയമ നടപടികൾ കൈകൊള്ളാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ കൈകൊണ്ടതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് 1ാം ഉപവകുപ്പ് 3ാം പട്ടിക പ്രകാരംപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്നതാണ് തെരുവ് വിളക്കുകൾ കത്തിക്കലും അവയുടെ പരിപാലനവും. അനിവാര്യ ചുമതല നിറവേറ്റുന്നതിൽ വന്ന വീഴ്ചക്ക് വിശദമാക്കേണ്ടതാണ്.

## 1-33 യുനാനി ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ- കാലാവധി കഴിയാറായ മരുന്നുകൾ വിതരണം ചെയ്തത് സംബന്ധിച്ച്.

പ്രൊജക്ട് നമ്പർ -- 10/18-19
നിർവഹണ ഉദ്യോഗസ്ഥൻ – മെഡി. ഓഫീസർ (ആയുർവേദം)

വകയിരുത്തിയ തുക - 150000

ചെലവുതുക - 150000 (ബിൽ നമ്പർ 2/18-19 തി15.9.18-100000

ഓർഡർ നമ്പർ 91/18-19 തി13.9.18-50000)

മേൽ പ്രൊജക്ട് പ്രകാരം ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി യുനാനി ആശുപത്രിക്ക് ആവശ്യമായ മരുന്നുകൾ ടെണ്ടർ നടപടികളിലൂടെ അൽബന യുനാനി ഫാർമസി കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ലഭ്യമായ മരുന്നുകളുടെ കാഷ് ബിൽ പരിശോധിച്ചതിൽ 12.9.18 ന് സപ്ലൈ ചെയ്തിട്ടുള്ള 29 ഇനം മരുന്നിൽ 9 എണ്ണത്തിന്റെ ഉപയോഗ കാലാവധി 1/19ൽ അവസാനിക്കുന്നതായി കാണുന്നു. മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഈ മരുന്നുകൾ എല്ലാംതന്നെ 1/2019ന് ശേഷവും വിതരണം ചെയ്തതിട്ടുണ്ട്. മേൽ ബിൽ ക്രമനമ്പർ 14 പ്രകാരം ലഭ്യമായ PECH 25 Tab എന്ന ഗുളികയുടെ കാലാവധി രേഖപ്പെടുത്തിയിരിക്കുന്നത് 1/18 എന്നാണ്. ഇതിൽ നിന്നും സ്ഥാപനം കാലാവധി കഴിഞ്ഞ മരുന്നുകളും വിതരണം ചെയ്തതായി കാണുന്നു. കുറഞ്ഞ ഉപയോഗ കാലാവധിയുള്ള മരുന്നുകൾ ലഭ്യമായിട്ടും ആയത് സപ്ലൈ ചെയ്ത സ്ഥാപനത്തിന് തിരികെ ഏൽപിച്ചതായി കാണുന്നില്ല. മാത്രമല്ല കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തതായും കാണുന്നു. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-34 ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ്.-കർഷകർക്ക് അർഹമായ ആനുകൂല്യം ലഭ്യമായില്ല.

പ്രൊജക്റ്റ് നമ്പർ - 86/19

വകയിരുത്തിയ തുക - 900000

ചെലവുതുക - 900000

മേൽ പ്രൊജക്റ്റ് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 5 ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന 281 ക്ഷീരകർഷകർക്ക് അളക്കുന്ന പാലിനുള്ള ഇൻസന്റീവ് ഇനത്തിൽ ഒരു ലിറ്റർ പാലിന് 4 രൂപ പ്രകാരം ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ അളന്ന പാലിനുള്ള ഇൻസന്റീവ് ഇനത്തിലാണ് തുക വിതരണം ചെയ്തിരിക്കുന്നത്. വകയിരുത്തിയ തുക കുറവായതിനാൽ ആഗസ്റ്റ് മാസത്തിൽ ലിറ്റർപാലിന് കേവലം 30 പൈസ മാത്രമെ വിതരണംചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. ഫണ്ടിന്റെ അപര്യാപ്തത കാരണം അവശേഷിക്കുന്ന മാസങ്ങളിൽ ആനുകൂല്യം ലഭ്യമാക്കിയിട്ടില്ലെന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചു. ക്ഷീര വികസന മേഖലയിൽ തുക വകയിരുത്തുമ്പോൾ മേഖലയിൽ ആവശ്യമായ ഫണ്ടിന്റെ വിവരം വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ച് കാണുന്നില്ല. 12.2.18ന്ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ മിൽക്ക് ഇൻസന്റീവ് മുഴുവൻ കർഷകർക്കും നൽകണമെന്ന് നിർദ്ദേശിച്ചതല്ലാതെ വകയിരുത്തിയ തുകയുടെ അപര്യാപ്തത സംബന്ധിച്ച് പിന്നീട് നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലോ,വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ ചർച്ചക്ക് വന്നതായി കാണുന്നില്ല. അപാകതക്ക് കാരണം വിശദമാക്കേണ്ടതാണ്.

## 1-35 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ- മാർഗരേഖയിൽ നിഷ്കർഷിക്കാത്ത ഇനത്തിന് ആനുകൂല്യം നൽകി.

പ്രൊജക്റ്റ് നമ്പർ - 202/19

വകയിരുത്തിയ തുക - 352081

ചെലവുതുക - 47920 (ബിൽ നമ്പർ 13/18-19 തി 2.3.19)

അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന സ്പിൽ ഓവർ പ്രൊജക്റ്റ് പ്രകാരം 10ാം തരത്തിൽ പഠിക്കുന്ന 10 വിദ്യാർത്ഥികൾക്ക് സൈക്കിൾ അസിൽ സൈക്കിൾ ട്രേഡേഴ്സ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. പ്രൊജക്റ്റിൽ വാങ്ങിക്കേണ്ട സൈക്കിളുകളുടെ എണ്ണം രേഖപ്പെടുത്താതെ സ്പിൽ ഓവറായി തുക വകയിരുത്തുക മാത്രമാണ് ചെയ്തിരിക്കുന്നത്. സൈക്കിളുകൾ വിതരണം ചെയ്യുന്നതിനായി 33 വിദ്യാർത്ഥികളുടെ ലിസ്റ്റാണ് അംഗീകരിച്ച് നൽകിയിരിക്കുന്നത്. മുഴുവൻ പേർക്കും ആനുകൂല്യം വിതരണം ചെയ്താൽ തന്നെ വകയിരുത്തിയ തുകയുടെ പാതിപോലും പ്രൊജക്റ്റ് നിർവഹണത്തിന് ആവശ്യം വരുന്നില്ല. കൂടാതെ സ.ഉ.(എം.എസ്.)നമ്പർ 22/18/ത.സ്വ.ഭ.വ. തി 14.2.18 സബ്സിഡി മാർഗരേഖയിലോ, സ.ഉ.11/18. ത.സ്വ.ഭ.വ . തി.29.1.18 പദ്ധതി മാർഗരേഖയിലോ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിളുകൾ വിതരണം ചെയ്യാൻ നിഷ്കർഷിക്കുന്നില്ല.സർക്കാർ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി പണം വിനിയോഗിച്ചതിനും മറ്റ് അപാകതകൾക്കും കാരണം വിശദമാക്കേണ്ടതാണ്. ചെലവുതുക 47920 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-36 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - സംയുക്ത പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല

പ്രോജക്റ്റ് : ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

പ്രോജക്റ്റ് നം : 77/19

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ : വികസന ഫണ്ട് (പൊതുവിഭാഗം)സാധ- 900000/-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം: 450000/-

ജില്ലാ പഞ്ചായത്ത് വിഹിതം : 450000/-

ആകെ :18,00,000/-

ചെലവ് :15,94,037

ഈ പദ്ധതിക്കായി വകയിരുത്തിയ 18 ലക്ഷം രൂപയിൽ ഗ്രാമ പഞ്ചായത്ത് വിഹിതവും ജില്ല പഞ്ചായത്ത് വിഹിതവും പൂർണ്ണമായും വിനിയോഗിച്ചുവെങ്കിലും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ 4,50,000/ രൂപ മുഴുവനായും ലഭിക്കാതിരുന്നതിനാൽ പദ്ധതി ഫലപ്രാപ്തി കൈവരിച്ചില്ല. ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി 244037/- രൂപ മാത്രമാണ് ലഭിച്ചത്. സബ്സിഡി- ധനസഹായം സംബന്ധിച്ച സർക്കാർ മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 28500/- രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സിന്റെ അടിസ്ഥാനത്തിലുമാണ് വാർഷിക സ്കോളർഷിപ്പ് നൽകേണ്ടത്. ഈ പദ്ധതിയ്ക്കായി വേണ്ടത്ര തുക വകയിരുത്തിയിട്ടില്ലെന്ന് മാത്രമല്ല വകയിരുത്തിയ തുകയിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് വിഹിതം മുഴുവനായി ലഭിച്ചതുമില്ല. അതുകൊണ്ട് തന്നെ ഗുണഭോക്താക്കളായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യത്തിന്റെ പകുതി മാത്രമേ നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ.

നിർധന കുടുംബങ്ങളിൽ നിന്നുള്ള ശാരീരിക മാനസിക വെല്ലുവിളികൾ കൂടി നേരിടുന്ന വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച നടപ്പിലാക്കുന്ന ഇത്തരം പദ്ധതികൾ ഉദ്ദേശ്യലക്ഷ്യം കൈവരിക്കേണ്ടത് ആത്യാവശ്യമാണ്. സർക്കാർ നിർദ്ദേശത്തിനനുസൃതമായി പദ്ധതിയ്ക്കായി വകയിരുത്തേണ്ട തുകയെക്കുറിച്ചോ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുവാൻ വേണ്ട മറ്റു നിർദ്ദേശങ്ങളോ ഒന്നും തന്നെ മോണിറ്റിംഗ് ചുമതലയുള്ള സാമൂഹ്യ ക്ഷേമ വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തുനിന്നോ മേൽനോട്ട ചുമതലയുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നോ ഉണ്ടായിട്ടില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-37 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ ന്യൂനതകൾ

1) പ്രോജക്ട് നം.142/19 പ്രകാരം 'രക്തദാന ഡയറക്ടറിയും അവയവദാനവും' എന്ന പ്രോജക്ടിനായി 75000/- രൂപ തനതു ഫണ്ടിൽ നിന്ന് വകയിരുത്തിയങ്കിലും പദ്ധതി പ്രാഥമിക ഘട്ടത്തിൽ തന്നെ മുടങ്ങി പോകുകയാണുണ്ടായത്. 5ഓളം രക്ത ഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകൾ, വാർഡ് തല രക്ത ഗ്രൂപ്പ് ഡയറക്ടറി പതിനായിരത്തോളം അവയവദാന സമ്മതപത്രം എന്നിവ പദ്ധതി ലക്ഷ്യം വെച്ചിട്ടുണ്ടായിരുന്നെങ്കിലും നിലവിലെ സാഹചര്യങ്ങൾ വിലയിരുത്തി പൊതുജനങ്ങളെ ബോധവൽക്കരിച്ചുകൊണ്ടും സാമൂഹ്യ സംഘടനകളെ ഏകോപിപിച്ചു കൊണ്ടും പദ്ധതി നിർവ്വഹണം നടത്തുന്നതിൽ പരാജയപ്പെടുകയാണുണ്ടായത്.

2) പ്രോജക്ട് നം.119/19-നായി തനതു ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വകയിരുത്തി നടപ്പാക്കാനുദ്ദേശിച്ച 'ആരോഗ്യ ജാഗ്രത ബാല സേന' എന്ന പ്രോജക്ട് പ്രകാരം വാർഡുകൾ തോറും ആരോഗ്യ ജാഗ്രത ബാലസേന രൂപീകരിച്ച് കുട്ടികൾക്ക് ആരോഗ്യ പഠന ക്ലാസ്സുകൾ സംഘടിപ്പിച്ച് അവരേയും രോഗ പ്രതിരോധ പ്രവർത്തനങ്ങളിൽ സജ്ജരാക്കുക, ശുചിത്വ മാപ്പിംഗ് തയ്യാറാക്കുക , പകർച്ചവ്യാധി സാധ്യത നേരത്തേ നിരീക്ഷണങ്ങളിലൂടെ മനസ്സിലാക്കി പൊതുജന പങ്കാളിത്തത്തോടെ പ്രതിരോധ പരിപാടികൾ ആസൂത്രണം ചെയ്യുന്ന രീതി പ്രായോഗികമായ മനസ്സിലാക്കി കൊടുക്കുക, ഇത്തരത്തിൽ ആരോഗ്യ ജാഗ്രത ബാലസേന നടത്തിയ പരിപാടികളുടെ വാർത്ത മൊബൈൽ ഫോൺ ക്യാമറ ഉപയോഗിച്ച് നിർമ്മിച്ച് സമർപ്പിക്കുക എന്നിവയെല്ലാമായിരുന്ന പ്രോജക്ട് ലക്ഷ്യമിട്ടിരുന്നതെങ്കിലും പ്രാഥമിക മീറ്റിംഗിന് ഭക്ഷണത്തിനും മറ്റുമായി 2800/- രൂപയോളം ചെലവഴിച്ച് പദ്ധതി മുടങ്ങി പ്പോകുകയാണ് ഉണ്ടായത്.

**പാലിയേറ്റീവ് പരിചരണം- സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച**

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഹോംകെയർ ടീമിന്റെ നേതൃത്വത്തിൽ മികച്ച രീതിയിൽ നടന്നിട്ടുണ്ട്. ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിവരുന്ന

നിലയിൽ വീടുകളിൽ ദുരിതമനുഭവിക്കുന്ന വിഭാഗങ്ങളെ കണ്ടെത്തി അവർക്ക് മെച്ചപ്പെട്ട പരിചരണവും സാന്ത്വനവും നൽകാൻ ഹോം കെയർ സംവിധാനം നന്നായിത്തന്നെ പ്രവത്തിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട സർക്കാർനിർദ്ദശങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായി എന്നാണ് പരിശോധനയിൽ ബോധ്യപ്പെട്ടത്. ആയത് ചുവടെ ചേർക്കുന്നു.

1) വിവിധ കമ്മിറ്റികളുടെ പ്രവർത്തനം

എ) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിക്കേണ്ട കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ 14/3/2008, 19/3/2018, 10/1/2019 എന്നീ തിയ്യതികളിൽ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നത്. യോഗങ്ങളിൽ മെമ്പർസെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല.

(ബി) പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-4-1കാണുക)എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

2) സ്പെഷ്യൽ ഒ.പി. നടത്തുന്നില്ല.

ഹോം കെയർ നൽകിവരുന്ന കിടപ്പിലായ രോഗികളിൽ സ്ഥിരമായി മരുന്നുകൾ കഴിക്കേണ്ടിവരുന്ന സാമ്പത്തിക ബുദ്ധിമുട്ടുള്ള രോഗികളെ തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിലേക്ക് റഫർ ചെയ്യേണ്ടതാണ്. ഇത്തരം രോഗികളെ പരിശോധിക്കുവാനും മരുന്ന് ലഭ്യമാക്കുവാനും മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനം അതാത് ആരോഗ്യ സ്ഥാപനത്തിൽ ഏർപ്പെടുത്തണം. ഇവർക്ക് മാത്രമായുള്ള സ്പെഷ്യൽ ഒ.പി. ആഴ്ചയിൽ കുറഞ്ഞത് ഒരു ദിവസം ആരോഗ്യ സ്ഥാപനങ്ങളിൽ സജ്ജീകരിക്കേണ്ടതാണ്. സ്പെഷ്യൽ ഒ.പി ദിവസങ്ങളിൽ പാലിയേറ്റീവ് നേഴ്സിന്റെ സേവനം ഒ.പി യിൽ ഉണ്ടായിരിക്കേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-6-7 കാണുക) എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഒ.പി സേവനം രോഗികൾക്ക് ഏർപ്പെടുത്തിയിട്ടില്ല.

3)കുടുംബ സംഗമം നടത്തിയില്ല.

രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. അതിന്റെ ഭാഗമായി രോഗികളുടെയും കുടുംബങ്ങളുടേയും ഹോംകെയർ ടീമിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടെയും വാർഷിക സംഗമം വിളിച്ചു ചേർക്കാവുന്നതാണ്. എന്നാൽ ഓഡിറ്റ് വർഷം ഇത്തരത്തിൽ ഒരു സംഗമം നടത്തിയിട്ടില്ല.

ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാത്ത പദ്ധതികൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. ആരോഗ്യവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ

പ്രോജക്ടും മോണിറ്ററിംഗ് നടത്തേണ്ടതാണ്. പാലിയേറ്റീവ് കെയർ സംഘടനാ സംവിധാനം ശക്തമാക്കി പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-38 ചെറുകിട തൊഴിൽ സംരംഭങ്ങൾ - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല

ഓഡിറ്റ് എൻക്വയറി നം. 23/17-2-2020

വി.ഇ.ഒ. നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ ഉദ്ദേശ്യ ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല എന്നാണ് പരിശോധനയിൽ നിന്നും വ്യക്തമാവുന്നത്.

പ്രോജക്ട് : വ്യക്തിഗത തൊഴിൽ സംരംഭങ്ങൾ (വനിത)

പ്രോജക്ട് നം : 99/19

നിർവ്വഹണം : വി.ഇ.ഒ

അടങ്കൽ : വികസന ഫണ്ട് പൊതു വിഭാഗം (സാധ) – 7,00,000/-

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ : 7,00,000/-

ആകെ അടങ്കൽ : 14,00,000/

ചെലവ് : 50,000/-

-----------------------------------------------

പ്രോജക്ട് : ശാരീരിക വൈകല്യമുള്ളവർക്ക് പെട്ടിക്കട എസ്.സി

പ്രോജക്ട് നം : 210/19

നിർവ്വഹണം : വി.ഇ.ഒ

ഫണ്ട് : എസ്.സി.പി

അടങ്കൽ : 1,50,000/-

ചെലവ് : 30,000/-

മേൽ പ്രോജക്ടുകളിൽ പ്രോജക്ട് നം.99/19 വ്യക്തിഗത തൊഴിൽ സംരംഭങ്ങൾ (വനിത) എന്ന പ്രോജക്ടിനായി 14,00,000/- ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും ചെലവ് വന്നിരിക്കുന്നത് വെറും 50,000/- രൂപ മാത്രമാണ്. 14 വ്യക്തിഗത സംരംഭങ്ങൾ ആരംഭിക്കുന്നതിനായാണ് പ്രോജക്ടിൽ ഉദ്ദേശ്യമിട്ടിരുന്നതെങ്കിലും ഇതിന്റെ ഗുണഭോക്താവായി ഒരു വനിത മാത്രമാണ് ഉണ്ടായത്.

പ്രോജക്ട് നം. 210/19-ശാരീരിക വൈകല്യമുള്ളവർക്ക് പെട്ടിക്കട എസ്.സി എന്ന പ്രോജക്ടിനായി എസ്.സിപി ഫണ്ടിൽ നിന്നും 1,50,000/- രൂപ വകയിരുത്തിയിരുന്നെങ്കിലും 30,000/- രൂപ മാത്രമാണ് ഇതിനായി ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. പ്രസ്തുത പദ്ധതിയാക്കായുള്ള ഗ്രാമസഭാ ലിസ്റ്റിൽ 5 പേർ മാത്രമാണ് ഉൾപ്പെട്ടിട്ടുണ്ടായിരുന്നത്. അതിൽ നിന്നും പദ്ധതിയുടെ ഗുണഭോക്താവായി ഒരാൾ മാത്രമാണ് ഉണ്ടായത്.

ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ലക്ഷ്യം കൈവരിക്കുമോയെന്ന് ഉറപ്പാക്കുന്നതിനായി യാതൊരു തരത്തിലുമുള്ള വിലയിരുത്തലോ, മോണിറ്ററിംഗോ വർക്കിംഗ് ഗ്രൂപ്പിന്റേയോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല എന്നാണ് ഇതിൽ നിന്നും മനസ്സിലാവുന്നത്.ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പകരം വേണ്ടത്ര പഠനം നടത്താതെയും വലിയ തുക വകയിരുത്തിയും ലക്ഷ്യ പ്രാപ്തിയിലെത്താതെ പോകുന്ന ഇത്തരം പദ്ധതികൾ ഭാവിയിലെങ്കിലും ആവർത്തിക്കാതിരിക്കാനായി ഭരണസമിതിയുടെ ഭാഗത്തുനിന്നുള്ള ശ്രദ്ധ ഉണ്ടാവേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിക്കാതിരിക്കാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 1-39 ശമ്പള പരിഷ്കരണ കുടിശ്ശിക - പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിക്കാനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും2018-19 വർഷത്തിൽ 1 ഗഡു ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും1 ഗഡു പണമായി നൽകുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം വർദ്ധിപ്പിച്ച ശമ്പളത്തിന് ആനുപാതികമായി ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 4 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിലും പണമായും ലഭിച്ചതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും ഗ്രാമ പഞ്ചായത്ത് നടപടികളൊന്നും എടുത്തതായി കാണുന്നില്ല. പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാതിരിക്കാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

.

## 1-40 വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷകളിൽ തീർപ്പുകൽപിക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ ലഭിച്ച വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ , അപേക്ഷാ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ സാമ്പത്തിക വർഷം ഉൾപ്പെടെ ലഭിച്ച ഏതാനും ക്ഷേമപെൻഷനുകളുടെ അപേക്ഷകളിൽ തീരുമാനം കൈകൊള്ളുന്നതിൽ കാലതാമസം നേരിട്ടതായി കാണുന്നു. വികലാംഗ പെൻഷനായി 1.8.2017 ൽ അപേക്ഷിച്ച അബ്ദുൾ മജീദ് നെല്ലികുന്നുമ്മൽ, 31.10.17 ന് അപേക്ഷിച്ച ഹുസൈൻ .സി .കെ എന്നിവരുടെ അപേക്ഷകളിൽ നാളിതുവരെ തീരുമാനം കൈകൊണ്ടതായി കാണുന്നില്ല. അതെ പോലെ കർഷകത്തൊഴിലാളി പെൻഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 2.3.19 ന് അപേക്ഷിച്ച നഫീസ. സി.കെ എന്നവരുടെ അപേക്ഷയിലും തീരുമാനം കൈകൊണ്ടതായി കാണുന്നില്ല.2.12.19നും 13.12.19നും ഇടയിൽ ലഭിച്ച 10 വിധവാപെൻഷൻ അപേക്ഷകളിലും നാളിതുവരെ തീരുമാനം എടുത്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾ,രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ 7.11.16 ന് ശേഷം10.10.19 വരെ ലഭിച്ച ഏതാനും അപേക്ഷകളിൽ തീരുമാനം കൈകൊണ്ടതായി രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| അപേക്ഷ ലഭിച്ച തിയ്യതി | അപേക്ഷകന്റെ പേര് |
|---|---|
| 7.11.16 | നഫീസ. അരിപ്പൻ കുഴിയിൽ |
| 5.4.17 | മുഹമ്മദ് പരിയമ്പലത്ത്.എകരൂർ |
| 10.4.17 | വേലായുധൻ .കെ.കെ.അമ്മ്യാൽ |
| 10.4.17 | ദാമോദരൻ നായർ. ചക്കാലക്കണ്ടി |
| 10.4.17 | ഭാസ്കരൻ നായർ കേയക്കണ്ടി |
| 2.8.19 | കമലാക്ഷി. തെക്കെ കുന്നുമ്മൽ |

അതേപോലെതന്നെ 1.11.19 ന് ശേഷം 31.12.19 വരെ ലഭിച്ച 62 വാർദ്ധക്യകാല പെൻഷൻ അപേക്ഷകളിലും തീരുമാനം കൈകൊണ്ടിട്ടില്ല.

ക്ഷേമപെൻഷനുകളുടെ അപേക്ഷകളിൽ മേൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈകൊള്ളാതിരുന്നതിന് കാരണം വിശദമാക്കേണ്ടതാണ്.

## 1-41 ക്ലീൻ ഉണ്ണികുളം-ഗ്രീൻ ഉണ്ണികുളം.

ഉണ്ണികുളം ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണ മേഖലയിൽ നടപ്പിലാക്കിയ പ്രൊജക്ടാണ് ക്ലീൻ ഉണ്ണികുളം-ഗ്രീൻ ഉണ്ണികുളം. മാലിന്യ സംസ്കരണം ലക്ഷ്യം വെച്ചുകൊണ്ട് മേൽ പ്രൊജക്ട് ഉൾപ്പെടെ വിവിധ പ്രൊജക്ടുകൾക്ക് ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിരുന്നെങ്കിലും വിവിധ കാരണങ്ങളാൽ അവയൊന്നുംതന്നെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ മേഖലയിൽ പഞ്ചായത്ത് വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 164/19 | ക്ലീൻ ഉണ്ണികുളം ഗ്രീൻ ഉണ്ണികുളം | 4639760 | 997080 |
| 301/19 | തുമ്പൂർ മുഴി നിർമ്മാണം | 1000000 | - |
| 268/19 | മിനി എം.ആർ.എഫ് .നിർമ്മാണം | 1150000 | - |

സ.ഉ.നമ്പർ 11/18/ത.സ്വ.ഭ.വ. തി 29.1.18 ഖണ്ഡിക 7.1.സി പ്രകാരം ഓരോപ്രദേശത്തെയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവമാലിന്യങ്ങൾ പുനചംക്രമണത്തിന് വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങളെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനുതകുന്ന പ്രൊജക്ടുകളൊന്നും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. ജൈവമാലിന്യ സംസ്കരണത്തിന് ഉതകുന്ന തുമ്പൂർ മൂഴി പ്രൊജക്റ്റിന് തുക വകയിരുത്തിയിരുന്നെങ്കിലും ചെലവൊന്നും വന്നതായി കാണുന്നില്ല. ജൈവമാലിന്യങ്ങൾ ജൈവവള ഉത്പാദനത്തിനും,ഊർജോത്പാദനത്തിനും ഉപയോഗപ്പെടുത്തുന്ന പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും അത്തരം പ്രൊജക്ടുകൾക്കും ഗ്രാമപഞ്ചായത്തിൽ തുക വകയിരുത്തുകയോ, ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

അജൈവമാലിന്യ ശേഖരണത്തിനുള്ള മിനി എം .ആർ.എഫ്. കെട്ടിട നിർമ്മാണ ത്തിനായി 1150000 രൂപ വകയിരുത്തി പ്രൊജക്ടുതയ്യാറാക്കിയിരുന്നെങ്കിലും പരിസരവാസികളുടെ എതിർപ്പുകാരണം ആയത് നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. എം.ആർ.എഫ്.കേന്ദ്രം നിർമ്മിക്കാൻ പകരം സ്ഥലം ലഭിച്ചിട്ടില്ലാത്തതിനാൽ മാലിന്യശേഖരണം പരിഹരിക്കപ്പെടാത്ത പ്രശ്നമായി പഞ്ചായത്തിൽ അവശേഷിക്കുന്നു. മാലിന്യ ശേഖരണത്തോടൊപ്പംതന്നെ ആയത് സംസ്കരിക്കാനുള്ള പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റും പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതുണ്ട്.ബ്ലോക്ക് പഞ്ചായത്ത് തലത്തിലും അജൈവമാലിന്യ ശേഖരണത്തിനുള്ള.എം.ആർ.എഫ് കേന്ദ്രമോ, പുനചംക്രമണത്തിനോവിധേയമാക്കുന്നതിനുള്ള ഷ്രഡിംഗ് യൂണിറ്റോ സ്ഥാപിക്ക പെട്ടിട്ടില്ലാത്തത് ഈ മേഖലയിൽ പഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രശ്നമാണ്.

പഞ്ചായത്തിലെ 23 വാർഡുകളിലും ഹരിതകർമ്മസേനകൾ രൂപീകരിച്ച് അവരുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ അജൈവമാലിന്യങ്ങൾ 2018 സപ്റ്റമ്പർ മാസം മുതൽ ശേഖരിച്ചുവരുന്നുണ്ട്. പഞ്ചായത്ത് അധീനതയിൽ അജൈവമാലിന്യങ്ങൾ സംഭരിക്കുന്നതിന് സംവിധാനമായിട്ടില്ലാത്തതിനാൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്റെ വീട്ട് വളപ്പിലാണ് ഇപ്പോൾ സംഭരിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെ വിവിധ വീടുകളിൽ നിന്നും മറ്റും ഹരിതകർമ്മസേനകൾ ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ തരം തിരിക്കാതെ കയറ്റി അയക്കുന്നതിനായി ടെണ്ടർ നടപടികളിലൂടെ നിറവ് സീറോവേസ്റ്റ് മാനേജ് മെന്റ് എന്നസ്ഥാപനത്തെ ഏൽപിക്കുകയും മാലിന്യം ലോഡ് ഒന്നിന് നിശ്ചിത നിരക്കുപ്രകാരം സ്ഥാപനം മാലിന്യങ്ങൾ കയറ്റി കൊണ്ടുപോകുകയും ചെയ്തിട്ടുണ്ട്. മാലിന്യങ്ങൾ കയറ്റി അയക്കുന്നതിനും ഹരിതകർമ്മസേനാംഗങ്ങൾക്കുള്ള വേതനം, മറ്റ് ചെലവുകൾ എന്നിവക്കായി 997080 രൂപ സാമ്പത്തിക വർഷത്തിൽ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾ വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുമ്പോൾ വീടുകളിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കിവരുന്നുണ്ട്. ആയതിന് പ്രത്യേക ബാങ്ക് എകൗണ്ടും സൂക്ഷിക്കുന്നതായി വി.ഇ.ഒ.അറിയിച്ചു.

ആയതിന്റെ വരവ് ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേഖലയിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം പരിശോധിച്ചതിൽ മാലിന്യ ശേഖരണത്തിനും ഹരിതകർമ്മസേനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ശ്രദ്ധ പതിപ്പിക്കുന്നതായി കാണുന്നു. അതിനോടൊപ്പംതന്നെ പഞ്ചായത്തിലെ പൊതു കുളങ്ങളും മറ്റ് ജലാശയങ്ങളും സന്നദ്ധപ്രവർത്തനത്തിലൂടെ ശുചീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. അതേപൊലെതന്നെ സ്കൂളുകൾ ഹരിത വിദ്യാലയങ്ങളാക്കുന്നതിനുള്ള പ്രൊജക്ട് ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുണ്ടെങ്കിലും ആയത് ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് ഏതാനും സ്കൂളുകൾ നേരിട്ട് പരിശോധിച്ചതിൽ ബോധ്യമായി.പഞ്ചായത്തിൽ മഴക്കാല പൂർവ ശുചീകരണപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്.

മാലിന്യങ്ങൾ കയറ്റി അയക്കുക എന്ന താത്കാലിക സംവിധാനം ഒഴിവാക്കി അജൈവമാലിന്യങ്ങൾ ശേഖരിച്ച് അവ പുനഃചംക്രമണത്തിന് വിധേയമാക്കുന്നതിനുമുള്ള സംവിധാനം ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരുക്കുന്നതോടൊപ്പം സർക്കാർ നിർദ്ദേശപ്രകാരം ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുതകുന്ന പ്രൊജക്ടുകളും ഏറ്റടുത്ത് നടപ്പിലാക്കി പഞ്ചായത്തിലെ മാലിന്യ സംസ്കരണ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്.

## 1-42 ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം സാമ്പത്തിക വർഷംവരെ 8433 കുടുംബങ്ങളിൽ നിന്നായി 18460പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 4906 കുടുംബങ്ങളിൽ നിന്നായി 5787 പേർ തൊഴിലിനായി അപേക്ഷിക്കുകയും അത്രയും പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആക്ഷൻ പ്ലാൻ പ്രകാരം 742 പ്രവർത്തികൾക്കായി 67100000 രൂപയും അഡീഷനൽ ആക്ഷൻ പ്ലാൻ പ്രകാരം 87500000 രൂപയും വകയിരുത്തിയതിൽ 228 മെറ്റീരിയൽ പ്രവൃത്തി ഉൾപ്പെടെ 371 പ്രവർത്തികളിലായി 62972694 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിലൂടെ 205972 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ 55508024 രൂപ ചെലവഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിൽ 1037കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം ലഭ്യമായിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളിൽ മെറ്റീരിയൽ പ്രവൃത്തികൾക്കാണ് മുൻതൂക്കം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം തൊഴിലാളികളുടെ കൂലി രണ്ടാഴ്ചയിലൊരുദിവസം നൽകേണ്ടതും യാതൊരു കാരണവശാലും മസ്റ്റർ റോൾ ക്ലോസ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ ഒന്നും തന്നെ നിശ്ചിത സമയപരിധിക്കുള്ളിൽ തൊഴിലാളികളുടെ വേതന വിതരണം നടത്തിക്കാണുന്നില്ല. 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ 1122252 രൂപ 2019-20 സാമ്പത്തിക വർഷത്തിലാണ് വിതരണം ചെയ്തിരിക്കുന്നത്.

## 1-43 ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി - അവലോകനം

2017 മുതൽ 2022 വരെയുള്ള 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് ഭവന രഹിതരായ പാവപ്പെട്ടവർക്ക് എല്ലാവർക്കും സ്വന്തമായി വാസയോഗ്യമായ ഭവനം ഉറപ്പു വരുത്തുന്നതാണ് ലൈഫ് പാർപ്പിട പദ്ധതി. ലൈഫ് ഭവന പദ്ധതി രൂപീകരണം, ഗുണഭോക്താക്കളെ നിശ്ചയിക്കൽ, നിർവ്വഹണം എന്നിവ സംബന്ധിച്ച് 31.7.2017 ലെ സ.ഉ(എം.എസ്)നം. 151/2017/തസ്വഭവ ഉത്തരവിൽ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നീതിയുക്തമായും പരാതിരഹിതമായും നാലു വിഭാഗങ്ങളിലുള്ള ഗുണഭോക്താക്കളെ കണ്ടെത്തുകയും പ്രൊജക്ടുകൾ തയ്യാറാക്കി ഭവന നിർമ്മാണത്തിന് ധനസഹായം നല്കുകയുമാണ് ചെയ്തു വരുന്നത്. അടുത്ത 5 വർഷത്തിനുള്ളിൽ താഴെ പറയുന്ന നേട്ടങ്ങൾ കൈവരിക്കുകയാണ് പദ്ധതി ലക്ഷ്യം.

1. സർക്കാർ/ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽപ്പെടുത്തി മുൻകാലങ്ങളിൽ ഭവന നിർ മ്മാണത്തിന് ധനസഹായം അനുവദിച്ചതിൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത വീടുകളുടെ പൂർത്തീകരണം സാധ്യമാക്കുക.

2. പാവപ്പെട്ട ഭവന രഹിതരിൽ സ്വന്തമായി ഭൂമിയുള്ള എല്ലാവർക്കും വീട് ലഭ്യമാക്കുക.
3. വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം നടത്തുകയും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ

കഴിയാത്ത വീടുകളിൽ താമസിക്കുന്നവർക്ക് പുതിയ വീട് ലഭ്യമാക്കുകയും ചെയ്യുക.

4. പാവപ്പെട്ട എല്ലാ ഭൂരഹിത – ഭവന രഹിത കുടുംബങ്ങൾക്കും സുരക്ഷിതവും മാന്യവുമായ വീടുകൾ നിർമ്മിച്ച് നൽകുക.

ഗ്രാമപഞ്ചായത്തിൽ ലൈഫ് പാർപ്പിട പദ്ധതി പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷത്തിൽ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

1. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത കുടുംബങ്ങൾ

മുൻ വർഷങ്ങളിൽ വിവിധ പദ്ധതികളിൽ ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചുവെങ്കിലും പല കാരണങ്ങളാൽ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ച് ഉറപ്പുവരുത്തി പട്ടിക തയ്യാറാക്കി ഭരണസമിതി അംഗീകരിച്ച ശേഷം ലൈഫ് MIS -ൽ ഉൾപ്പെടുത്തി. ലൈഫ് മിഷൻ നിർദ്ദേശ പ്രകാരം പ്രസ്തുത പട്ടികയിൽ നിന്നും ഭൗതികമായി ഭവന നിർമ്മാണം പൂർത്തിയാക്കിയവരേയും, സ്ഥലം വിറ്റു പോയവരേയും, മരണപ്പെട്ടവരേയും ഒഴിവാക്കിയ ശേഷം ഗുണഭോക്താക്കളായി 81 പേർ ഉണ്ടായിരുന്നു. 2017-18 സാമ്പത്തിക വർഷത്തിന്റെ അവസാന കാലഘട്ടത്തിലും 2018-19 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിലുമായി പ്രസ്തുത ഗുണഭോക്താക്കൾ കരാറിലേർപ്പെടുകയും ഭവന നിർമ്മാണം പുനരാരംഭിക്കുകയും ചെയ്തു. 77 പേർ (ജനറൽ- 46, എസ്.സി- 31) ഇതിനോടകം തന്നെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2.സ്വന്തമായി ഭൂമിയുള്ള ഭവന രഹിതരായ കുടുംബങ്ങൾ

കുടുംബശ്രീ പ്രവർത്തകർ സർവ്വേ പ്രകാരം കണ്ടെത്തിയ ഭൂമിയുള്ള ഭവന രഹിതരുടെ പട്ടികയിൽ നിന്നും അർഹരായവരുടെ പട്ടിക പഞ്ചായത്ത് ഉദ്യോഗസ്ഥർ ഫീൽഡ്തല പരിശോധന നടത്തി തയ്യാറാക്കുകയും അതത് ഗ്രാമ സഭകൾ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക ഭരണസമിതി അംഗീകാരം നൽകിയ ശേഷം ലൈഫ് MIS-ൽ ഉൾപ്പെടുത്തുകയും ചെയ്തു. 165 പേർ (ജനറൽ -146, എസ്.സി. 17, എസ്.ടി.2) ഉൾപ്പെട്ട പട്ടികയിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പു വരുത്തിയ അർഹരായ 87 പേർക്ക് (ജനറൽ -80, എസ്.സി-5, എസ്.ടി-2) 2018-19 വർഷത്തിൽ കരാറിലേർപ്പെടാനും ഭവന നിർമ്മാണം ആരംഭിക്കാനും സാധിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി 2018-19 വർഷത്തിൽ രണ്ടു പ്രോജക്ടുകൾ( എസ്.സി-1, ജനറൽ-1) ആസൂത്രണം ചെയ്തിരുന്നു. മികച്ച രീതിയിൽ നിർവ്വഹണം നടക്കുന്ന പദ്ധതിയിൽ 86 പേർ ഇതിനോടകം തന്നെ ഭവന നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

അടുത്ത 5 വർഷത്തിനുള്ളിൽ പഞ്ചായത്ത് പ്രദേശത്ത് സമ്പൂർണ്ണ പാർപ്പിടം എന്ന ലക്ഷ്യം മുൻ നിർത്തിക്കൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ലൈഫ് മിഷൻ പ്രവർത്തനങ്ങൾ ആസൂത്രണത്തിലും നിർവ്വഹണത്തിലും മികവു പുലർത്തി വളരെ നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട് എന്ന് മേൽ കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ- നികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിൽ വസ്തുനികുതി കണക്കാക്കിയത് സംബന്ധിച്ച് കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ശ്രീമതി. ഷബ്ന, പുതിയ പുരയിൽ, വട്ടോളി ബസാർ എന്നവരുടെ ഉടമസ്ഥതയിലുള്ള 21/567എ നമ്പർ കെട്ടിടത്തിന് നികുതി കണക്കാക്കിയപ്പോൾ കെട്ടിടത്തിലേക്കുള്ള വഴി വീതി കുറച്ച് കാണിച്ചു. ഇതു മൂലമുണ്ടായ നികുതി നഷ്ടം ചുവടെ കൊടുക്കുന്നു.

കെട്ടിടം ദ്വിതീയ മേഖലയിൽ സ്ഥിതി ചെയ്യുന്നതും കെട്ടിടത്തിലേക്ക് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് ഉള്ളതുമാണ്. എന്നാൽ വഴിയുടെ വർദ്ധനവ് 20% നികുതി കണക്കാക്കിയപ്പോൾ ഉൾപ്പെടുത്തിയിട്ടില്ല.

കെട്ടിടത്തിന്റെ വിസ്തീർണ്ണം - 195.4 ച.മീ

അടിസ്ഥാന വസ്തുനികുതി നിരക്ക്- 55/-(ച.മീറ്ററിന്)

അടിസ്ഥാന വസ്തുനികുതി 195.4x55 =10747/-

വഴിയുടെ വർദ്ധനവ് 20%വരുത്താത്തത് മൂലം നഷ്ടം= 2150/-
ഗ്രന്ഥശാലാവരി – 108 /-
ആകെ – 2258/-

2) ശ്രീ.മെഹബൂബലി,മൈലക്കാട്ട് കണ്ടി,എന്നവരുടെ ഉടമസ്ഥതയിലുള്ള 9/822 "H,J,K,L,M,N,O"എന്നീ നമ്പർ കെട്ടിടങ്ങൾക്ക് നികുതി കണക്കാക്കിയപ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരം 213.68 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 191.9 ച.മീ വിസ്തീർണ്ണത്തിന് മാത്രമാണ് നികുതി ഈടാക്കിയത്. 21.76 ച.മീറ്ററിന് നികുതി ചുമത്തിയിട്ടില്ല. ഇത് മൂലമുണ്ടായ നഷ്ടം ചുവടെ കൊടുക്കുന്നു.

കെട്ടിടം പ്രാധമിക മേഖലയിലും 5മീറ്റർ വീതിയിൽ പ്രവേശന മാർഗ്ഗമുള്ളതുമാണ്.

അടിസ്ഥാന വസ്തുനികുതി നിരക്ക്- 80/-(ച.മീറ്ററിന്)

അടിസ്ഥാന വസ്തുനികുതിയിലെ നഷ്ടം= 21.76x80=1741/-

വഴിയുടെ വർദ്ധനവ് 20%=1741x0.20=348/-

നഷ്ടം=1741+348=2089/-
ഗ്രന്ഥശാലാവരി -105/-
ആകെ നഷ്ടം =വസ്തു നികുതി : 2150 +2089 = 4239, ഗ്രന്ഥശാലാവരി 108+105= 213 രൂപ

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല.

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽനിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായികാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കരാറുകാരൻ, എഗ്രി.നമ്പർ, തിയ്യതി. | ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ്. | പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി എം. ബുക്ക് | പൂർത്തീകരണം വൈകിയ കാല യളവ് | ഈടാക്കേണ്ട പിഴ പി.. എ .സി തുകയുടെ | പിഴ (രൂ) |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | സൈറ്റ് കൈമാറിയ തിയ്യതി | പ്രകാരം | | ശതമാന ത്തിൽ | |
| 1 | 242/18-19<br>ചരപ്പറമ്പി ല് പട്ടരു മഠം റോഡ് | 248237<br>(റോഡ് മെയിന്റ നൻസ് ഫണ്ട്)<br>ബിൽനം.<br>65/11.3.19 | ശ്രീ.ബഷീർ പി.സി<br>104/17-18/ 20.03.18 | 6 മാസം<br>20.03.18 | 15.02.2019<br>എം.ബുക്ക്<br>(113/18-19)<br>കരാർകാലാ വധി കഴിഞ്ഞ് 30.1.19 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 250000 രൂപ യുടെ 3% | 7500 |
| 2 | 192/18-19<br>കാന്തപുരം പാണ്ടിക്കടവ് റോഡ് | 44547<br>(റോഡ് മെയിന്റ നൻസ് ഫണ്ട്)<br>ബിൽനം.<br>4/24.05.18 | ശ്രീ.ബിജു ടി.വി<br>22/16-17/ 2.02.17 | 6 മാസം<br>02.02.17 | 31.03.2018<br>എം.ബുക്ക്<br>(191/16-17) | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 369480 രൂപയുടെ 3% | 11084 |
| 3 | 224/18-19<br>പുളിയാറക്കൽ കോണ കോട് മല റോഡ് | 162280<br>(റോഡ് മെയിന്റ നൻസ് ഫണ്ട്)<br>ബിൽനം.<br>47/28.11.18 | ശ്രീ.ബഷീർ പി.സി<br>21/17-18/ 16.12.17 | 6 മാസം<br>16.12.17 | 16.10.2018<br>എം.ബുക്ക്<br>(34/18-19)<br>കരാർകാലാ വധി കഴിഞ്ഞ് 23.08.18 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 199762 രൂപയുടെ 3% | 5993 |
| 4 | 237/18-19<br>കൊല്ലി വയൽ | 82555<br>(റോഡ് | ശ്രീ.ബഷീർ പി.സി | 5മാസം<br>20.01.18 | 12.10.2018<br>എം.ബുക്ക് | ഒറിജിനൽ കാലാവധി | പി.എ. സി തുക | 14842 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | അമയ ങ്ങലത്ത് റോഡ് | മെയിന്റ നൻസ് ഫണ്ട്) ബിൽനം. 43/28.11.18 | 43/17-18/ 20.01.18 | | (170/18-19) | യുടെ 50 ശതമാന ത്തിൽ കൂടുതൽ. | 494727.65 രൂപയുടെ 3% | |
| 5 | 226/18-19 എടക്കണ്ടി കാരാട്ടുമ്മൽ റോഡ് | 25000 (റോഡ് മെയിന്റ നൻസ് ഫണ്ട്) ബിൽനം. 48/28.11.18 | ശ്രീ.ജിജീഷ് പി.സി 73/17-18/ 8.03.18 | 6 മാസം 08.03.18 | 14.11.2018 എം.ബുക്ക് (97/18-19) കരാർകാലാ വധി കഴിഞ്ഞ് 3.11.2018 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 300000 രൂപയുടെ 3% | 9000 |
| 6 | 251/18-19 വടക്കണ്ടി പുതിയനിപ്രസ്സൂൾ അരീക്കരക്കണ്ടി റോഡ് | 248237 (തനത് ഫണ്ട്) ചെക്ക്നം. 51801241/ 26.3.2019 | ശ്രീ.ബഷീർ പി.സി 78/17-18/ 08.03.18 | 6 മാസം 8.03.18 | 19.02.2019 എം.ബുക്ക് (356/18-19) കരാർകാലാ വധി കഴിഞ്ഞ് 20.1.19 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 398059 രൂപയുടെ 3% | 11942 |
| 7 | 239/18-19 നായരങ്ങാടി പന യുള്ള കണ്ടി റോഡ് | 300000 (ധനകാര്യ കമ്മാഷൻ ഫണ്ട്) ബിൽനം. 41/28.11.18 | ശ്രീ.ജിജീഷ് പി.സി 74/17-18/ 08.03.18 | 6 മാസം 08.03.18 | 22.11.2018 എം.ബുക്ക് (100/18-19) കരാർകാലാ വധി കഴിഞ്ഞ് 1.11.18നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധി യുടെ 50 ശതമാന ത്തിൽ കൂടുതൽ. | പി.എ. സി തുക 300000 രൂപ യുടെ 3% | 9000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 8 | 264/18-19<br>കൊല്ലരു കണ്ടി നായാട്ടു കുന്ന് റോഡ് | 124178<br>(വികസന ഫണ്ട്, ധനകാര്യ കമ്മാഷൻ ഫണ്ട്)<br>ബിൽ നം<br>55,57/ 28.01.2019 | ശ്രീ.ബഷീർ പി.സി<br>33/17-18/ 16.12.2017 | 5 മാസം<br>16.12.2017 | 14.12.2018<br>എം.ബുക്ക്<br>(105/18-19)<br>കരാർ കാലാവധി കഴിഞ്ഞ് 03.12.2018 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | സി തുക 125000 പി.എ.<br>രൂപയുടെ 3% | 3750 |
| 9 | 238/18-19<br>ചപ്പുള്ള കണ്ടി കോണക്കോട്ട് മല റോഡ് | 500000<br>(ധനകാര്യ കമ്മീഷൻ ഫണ്ട്)<br>ബിൽനം.<br>80/20.03.19 | ശ്രീ.ബഷീർ പി.സി<br>79/17-18/ 08.03.18 | 6മാസം<br>08.03.18 | 02.03.2019<br>എം.ബുക്ക്<br>(230/18-19)<br>കരാർ കാലാവധി കഴിഞ്ഞ് 08.02.2019 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 500000 രൂപയുടെ 3% | 15000 |
| 10 | 283/18-19<br>കരിയാത്തൻ<br>കവ് റോഡ് സബ് സെന്റർ നവീകരണങ്ങൾ | 234078<br>(തനത് ഫണ്ട്)<br>ബിൽനം.<br>8772954/ 19.06.18 | ശ്രീ.ജിനീഷ് .ഇ<br>64/16-17/ 13.03.2017 | 6മാസം<br>17.03.2017 | 28.03.2018<br>എം.ബുക്ക്<br>(332/17-18)<br>കരാർ കാലാവധി കഴിഞ്ഞ് 12.03.2018 നാണ് പ്രവൃത്തി തുടങ്ങിയത് | ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ. | പി.എ. സി തുക 266131 രൂപയുടെ 3% | 7984 |
| | | | | | | | ആകെ | 96095 |

മേൽ പ്രവൃത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവൃത്തി കലണ്ടർ ഇല്ല. ടിഎസ് സ്ലിപ്പ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിയാണ് ചേർത്തിട്ടുള്ളത്.

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്.എന്നാൽ പൂർത്തീകരണ കാലാവ ധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട് .ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്ത വണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധിക രിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവർത്തികളിലും ദീർഘീകരണം 50% ലും കൂടുതലാണ്. വളരെ കാലം കഴിഞ്ഞാണ് പ്രവൃത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവൃത്തി പൂർത്തീ കരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്

സെക്ഷൻ 2005 പ്രകാരം site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണ ത്തിന് കരാറുകാർ അസി.എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല.

പൂർത്തീകരണ കാലാവധി സംമ്പന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകുന്നതിനും വിശദീകരണം ലഭ്യമാക്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 35/2018-19/ 17.02.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 96095 രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-2 കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

ജി.ഒ.(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾ ക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കി ക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധന കളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാ നുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി /കരാറുകാരൻ | പിഎസിയുടെ1% ഫൈൻ തുക |
|---|---|---|---|---|
| 1. | ചുരക്കം കാവിൽ എം.മുക്ക് റോഡ് 233/19 (ബിൽ 09/ 18-19/18.08.18, 294557/-) കരാർ തുക 300000 | 18.01.18 | AE/LSGD /UKLM/75/ 17-8 / 08.03.18 ശ്രീ.ജിജീഷ് .പി.സി | 3000/- |
| 2 | കൈതേരി പ്പൊയിൽ പുതുക്കുടി റോഡ് 235/19 (ബിൽ 11/ 18-19/18.08.18 | 14.02.18 | AE/LSGD /UKLM/77/ 17-8 / | 3000/- |

| | | | | |
|---|---|---|---|---|
| | ,298036/-) കരാർ തുക 300000 | | 08.03.18 ശ്രീ.ബഷീർ .പി.സി | |
| 3 | ആവേല താന്നിക്കൽ തോട്ടായി റോഡ് 236/19 (ബിൽ 17/ 18- 19/ 18.08.18 , ചെക്ക് 8778836/29.11.18 -298637/-) കരാർ തുക 300000 | 14.02.18 | AE/LSGD /UKLM/63/ 17-8 / 07.03.18 ശ്രീ.ബഷീർ .പി.സി | 3000/- |
| 4 | ചാലിൽ കണ്ടി മയങ്ങില് റോഡ് 188/19 (ബിൽ 8/ 18-19/24.05.18 ,299818/-) കരാർ തുക 300000 | 14.02.18 | AE/LSGD /UKLM/68/ 17-8 / 07.03.18 ശ്രീ.ബഷീർ .പി.സി | 3000/- |
| 5 | തടായിൽ കുളംങ്ങരം പൊയിൽ റോഡ് 230/19 (ബിൽ 28,29/ 18-19/17.10.18 ,248552/-) കരാർ തുക 250000 | 14.02.18 | AE/LSGD /UKLM/76/ 17-8 / 08.03.18 ശ്രീ.ബഷീർ .പി.സി | 2500/- |
| 6 | ചപ്പങ്ങള കണ്ടി കോണോട്ട് മല റോഡ് 238/19 (ബിൽ 80/ 18-19/20.03.19 ,500000/-) കരാർ തുക 500000 | 14.02.18 | AE/LSGD /UKLM/79/ 17-8 / 08.03.18 ശ്രീ.ബഷീർ .പി.സി | 5000/- |
| 7 | കരുമല മൂലോളിപ്പാറ റോഡ് 249/19 (ബിൽ 37/ 18-19/14.12.18 ,262259/-) കരാർ തുക 300000 | 05.02.18 | AE/LSGD /UKLM/60/ 17-8 / 07.03.18 ശ്രീ.ബഷീർ .പി.സി | 3000/- |
| 8 | നായരങ്ങാടി പന യുള്ള കണ്ടി റോഡ്.239/18-19(ബിൽ-41/28.11.18, 300000) | 18.01.2018 | AE/LSGD /UKLM/74/ 17-8 / 08.03.18 ശ്രീ.ജിജീഷ് .പി.സി | 3000/- |
| | | | ആകെ | 25500 |

കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കൂടാതെ പ്രവൃത്തി ഫയലുകളിലധികവും ചിലതിൽ സെലക്ഷൻ നോട്ടീസ് വച്ചിട്ടില്ലാത്തതിനാലും ചിലതിൽ സെലക്ഷൻ നോട്ടീസിൽ തിയ്യതി എഴുതിയിട്ടില്ലാത്തതിനാലും സമയബന്ധിതമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. കരാർ വെയ്ക്കാൻ വൈകിയ കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത് . അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## **3-3** അത്തായക്കുന്ന് കുടിവെള്ള പദ്ധതി - പ്രവർത്തി ചെയ്തതിലും കൂടുതൽ തുക കരാറുകാരന് അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - എസ്.ഒ 254 /19 (സ്പിൽ ഓവർ)

ചെലവ് - 135000

ബിൽ നമ്പർ,തിയ്യതി - 100000-തനത് ഫണ്ട് (8778834/29.11.18,)
35000 -ധനകാര്യ കമ്മീഷൻ അവാർഡ് (22/29.11.18 )

കരാറുകാരൻ - ശ്രീ.ഇ. ശശീന്ദ്രൻ

കരാർ - 98/1718/20.03.2018

അത്തായക്കുന്ന് കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത് . ശ്രീ.ഇ. ശശീന്ദ്രൻ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലാണ് പ്രവർത്തി ഏറ്റെടുത്ത് പൂർത്തിയാക്കിയാക്കിയിട്ടുള്ളത് . പ്രവർത്തിയുടെ അളവ് പുസ്തകം ( 367/17-18) പേജ് 27 പ്രകാരം ആകെ പ്രവർത്തി മൂല്യം 132210 രൂപയാണ്. ഇത് പ്രകാരമാണ് പ്രവർത്തി ബില്ല് തയ്യാറാക്കിയതെങ്കിലും തുക നൽകിയപ്പോൾ കരാറുകാരന് അധിക തുക അനുവദിച്ചിട്ടുണ്ട്. 1322 രൂപ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിലേയ്ക്കും 1322 രൂപ ആദായ നികുതിയായും അടവാക്കി ബാക്കി 129566രൂപയായിരുന്നു കരാറുകാരന് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ആദായനികുതിയും ക്ഷേമനിധിയും കഴിച്ച് 132356 രൂപ നൽകിയതിനാൽ 2790 രൂപ കരാറുകാരന് അധികം അനുവദിച്ചിട്ടുണ്ട് (135000-132210). അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ്എൻക്വയറി.നം.30/ 18-19 തിയ്യതി 17.02.2020 മറുപടി ലഭ്യമാക്കിയിട്ടില്ല. 2790 രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 പട്ടികജാതി വയോജനങ്ങൾക്ക് ഉപകരണം -അനർഹർക്ക് ആനുകൂല്യം നൽകിയതും മറ്റ് അപാകതകളും

പ്രൊജക്ട് നമ്പർ - 203/19

വകയിരുത്തിയ തുക - 398520
നിർവ്വഹണം - അസി.സെക്രട്ടറി

ചെലവുതുക- 134834(ബിൽ നമ്പർ 11/18-19 തി 25.3.19)

മേൽ പ്രൊജക്ട് പ്രകാരം 31കട്ടിലുകൾ കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന വാങ്ങി പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സ്പിൽ ഓവർ പ്രൊജക്ടായി നടപ്പിലാക്കിയ പ്രൊജക്ടിനായി 65 ഗുണഭോക്താക്കളുടെ ലിസ്റ്റാണ് അംഗീകരിച്ചു നൽകിയത്. വാങ്ങിക്കേണ്ട കട്ടിലുകളുടെ എണ്ണം പ്രൊജക്ടിൽ രേഖപ്പെടുത്തിയിട്ടില്ല. അംഗീകരിച്ചു നൽകിയ ഗുണഭോക്താക്കൾക്ക് മുഴുവൻ കട്ടിലുകൾ നൽകിയാലും 282750 രൂപ മാത്രമെ വരുന്നുള്ളൂ. ആയതിനാൽതന്നെ പ്രൊജക്ടിനായി സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച 263416 രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കയാണ്. ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ 60 വയസ് പൂർത്തിയാകാത്ത ഗുണഭോക്താക്കളും ആനുകൂല്യം കൈപറ്റിയതായി കാണുന്നു.സ.ഉ.(എം.എസ്)നമ്പർ 22/18/ത.സ്വ.ഭ.വ. തിയ്യതി.14.2.18 ഖണ്ഡിക 7.1.13 പ്രകാരം 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കാണ് കട്ടിലിന് അർഹത. 60 വയസ് പൂർത്തിയാകാത്ത ഗുണഭോക്താക്കൾക്ക് കട്ടിൽ നൽകിയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | റിമാർക്സ് |
|---|---|
| പെണ്ണുക്ക, നീലഞ്ചേരിമ്മൽ, ഇയ്യാട്, ഉണ്ണികുളം, വാർഡ് 19 | ആധാർ കാർഡ് പ്രകാരം ജനനവർഷം 1960. നിലവിലെ റേഷൻ കാർഡ് പ്രകാരം 55 വയസ് |

| | |
|---|---|
| മീനാക്ഷി, കരിങ്കാളിമ്മൽ, ഉണ്ണികുളം, വാർഡ് 7 | ആധാർ കാർഡ് പ്രകാരം ജനനവർഷം 1962. റേഷൻ കാർഡ് പ്രകാരം 51.വയസ് |
| മാളു, തച്ചംപൊയിൽ, കരുമല | ഇലക്ഷൻ I.D.കാർഡ് ജനനതിയ്യതി 25.5.1692. ആധാർ പ്രകാരം ജനനവർഷം-1964, റേഷൻ കാർഡ് 51 വയസ് |

60 വയസ് പൂർത്തിയാകാത്തവർക്കും കട്ടിലുകൾ നൽകാനുണ്ടായ കാരണം വിശദമാ ക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അനർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച കട്ടിലിന്റെ വില 13500 രൂപ ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.07.2019 മുതൽ 18.07.2019 വരെ | നമ്പർ കെ.എസ്.എ.കെ.കെ.ഡി/ഇ.2/887/2019(66), തിയ്യതി: 05.08.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 19-11-2018 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 17-01-2019 | 244037 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 244037 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 25-03-2019 | 90800 | നൽകൃഷി കൂലിചെലവ് | 0 | 90800 |
| ജില്ലാ പഞ്ചായത്ത് | 14-03-2019 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 14-03-2019 | 125000 | മുട്ടഗ്രാമം | 72500 | 52500 |
| ജില്ലാപഞ്ചായത്ത് | 18-09-2018 | 507836 | ലൈഫ് മിഷൻ ജനറൽ | 400000 | 107836 |
| ജില്ലാപഞ്ചായത്ത് | 18-09-2018 | 32260 | ലൈഫ് മിഷൻ പട്ടികജാതി | 0 | 32260 |
| ജില്ലാപഞ്ചായത്ത് | 22-03-2019 | 450000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 450000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 22-03-2019 | 108960 | നെൽ കൃഷി കൂലി ചെലവ് | 0 | 108960 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ചെക്ക്നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | അംഗൻവാടികളിൽ കുഴൽ നിർമ്മാണം | | 103570 | 103570 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്തവായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവനപദ്ധതി 2018-19 | സ.ഉ 27/19 തീ.22/02/2019 | 14760000 | 0 | 0 | 0 | 14760000 |
| ഇ.എം.എസ് | 538/10 എൽ.എസ്.ജി.ഡി | 0 | 5991441 | 2300000 | 0 | 3691441 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 71788 |
| തൻവർഷം നിക്ഷേപിച്ച തുക | 6281 |
| ആകെ | 78069 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവസാനിക്കുന്ന സ്ഥിര നിക്ഷേപം | 78069 |
| ആകെ | 78069 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ആകെ | 78069 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ | ഒടുക്കിയ ആളുടെ പേരും | രസീറ്റ് നമ്പർ / തീയതി |
|---|---|---|---|---|

| | | തുക | ഉദ്യോഗപ്പേരും | |
|---|---|---|---|---|
| 2007-08 മുതൽ 2010-11 വരെ, എ.ജി ഓഡിറ്റ് | പാര-III(III) | 520 | ഹരിദാസൻ, സെക്രട്ടറി | 118010110462 DT. 06-01-2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 | | 2003-04 | 11.14 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല. |
| 2001-02 | ഖ 7 | 2003-04 | 11.13.1.9 | വനിതാ ബേക്കറി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല |
| 1999-00 | ഖ 30 | 2003-04 | 11.13.2.1 | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല. |
| 1999-00 | ഖ 32 | 2003-04 | 11.13.5.5 | മൈത്രി ഭവനപദ്ധതി |
| 2001-02 | | | 11.4 | തെരുവു വിളക്ക് സ്ഥാപി ക്കൽ -117360 മറ്റ് പരാമർശങ്ങൾ |
| 2001-02 | | | 11.4 | വനിതാ ബേക്കറി യൂണിറ്റ്-20000 |
| 2001-02 | 3.1 | | 2.70 1.8.6 | കുടിവെള്ള പദ്ധതികൾ |
| 2001-02 | ഭാഗം 1 | 2005-06 | 2.70.1.11.16 | വൗച്ചറുകൾ രജിസ്റ്ററുകൾ കൃത്യമല്ല. |
| 2001-02 | ഭാഗം 1 | 2005-06 | 2.70.1.12.4 | ഗ്രാമസഭ |
| 01-02 , 2001-02, | 2-1 2-2 | 2005-06 | 2.70.1.13.9 | തനത് വരവ് കാലഹരണപ്പെട്ടു. |
| 2001-02 | | 2005-06 | 2.70.1.14.27. | നികുതി പിരിവ് അലംഭാവം |
| 2002-03 | 2.9 | 2006-07 | 3.79.1.5 | നികുതി കാലഹരണപ്പെട്ടു. |
| 2002-03 | 3.17 | 2006-07 | 3.79.12 | കാർഷികോപകരണ വിതരണം |
| 2002-03 | 3.13 | 2006-07 | 3.79.18.14 | കമ്മ്യൂണിറ്റി ഹാൾ പൂർത്തിയാക്കിയില്ല. |
| | | 2011-12 | 3.2.7<br>3.2.6<br>3.2.10<br>3.2.12<br>3.2.22 | ആസ്തി രജിസ്റ്റർ പരിപാലനം<br>വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം<br>റോഡ് ചെയിനേജ് രേഖപ്പെടുത്തൽ<br>മരാമത്ത് പണികളുടെ നടത്തിപ്പ്<br>അധികാര പരിധി ലംഘിച്ച് പ്രവൃത്തി |

| | | | | |
|---|---|---|---|---|
| | | | 3.2.13 | നടത്തി |
| 2012-13 | 4-1 | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണം മാത്രം. |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 132692932 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,35,02,557 |
| വരവിനങ്ങളിലുള്ള നഷ്ടം | 4,239 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,37,885 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50,03,171 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 4239 | | ദീപുരാജ്ജ, സെക്രട്ടറി |
| 3-1 | | 77028<br>19068 | സൂര്യ.വി.വി, അസി.എഞ്ചിനിയർ<br>സൌമ്യ, അസി.എഞ്ചിനിയർ |
| 3-2 | | 25500 | സൌമ്യ, അസി.എഞ്ചിനിയർ |
| 3-3 | | 2790 | സൂര്യ.വി.വി, അസി.എഞ്ചിനിയർ |
| 3-4 | | 13500 | സുരേഷ് കുമാർ, അസി.സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 2708757 | മോഹനൻ.എൻ, ഹെഡ്മാസ്റ്റർ |
| 1-18 | 30000 | മോഹനൻ.എൻ, ഹെഡ്മാസ്റ്റർ |
| 1-20 | 116450 | മോഹനൻ.എൻ, ഹെഡ്മാസ്റ്റർ |
| 1-22 | 178880 | സുരേഷ് കുമാർ.എസ്, അസി.സെക്രട്ടറി |
| 1-23 | 60100 | ശ്രീവിദ്യ.എം.കെ,കൃഷി ഓഫീസർ |
| 1-24 | 54000 | ഡോ.അബ്ദുൾ നാസർ, വെറ്റി. സർജൻ |

| | | |
|---|---|---|
| 1-25 | 900000 | സുരേഷ് കുമാർ.എസ്, അസി.സെക്രട്ടറി |
| 1-28 എ | 345000 | ശ്രീവിദ്യ.എം.കെ,കൃഷി ഓഫീസർ |
| 1-28ബി | 412064 | ശ്രീവിദ്യ.എം.കെ,കൃഷി ഓഫീസർ |
| 1-33 | 150000 | ഡോ.സിമി.പി.എൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-35 | 47920 | സുരേഷ് കുമാർ.എസ്, അസി.സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 213 | ദീപുരാജു, സെക്രട്ടറി |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും**

ഇല്ല

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരുവിവരം**

| പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദീപു രാജു, സെക്രട്ടറി | സെക്രട്ടറി, കായണ്ണ ഗ്രാമ പഞ്ചയത്ത് | തെയ്യുനത്ത് വീട്, കിഴക്കെപ്രം, നോർത്ത് പറവൂർ, എറണാകുളം |
| സൂര്യ.വി.വി, അസി.എഞ്ചിനിയർ | ലഭ്യമല്ല | വടക്കയിൽ വീട്, പിലാശ്ശേരി.പി.ഒ, കുന്ദമംഗലം , കോഴിക്കോട് |
| സൌമ്യ.എം.പി, അസി.എഞ്ചിനിയർ | എൽ.എസ്.ജി.ഡി സബ്ഡിവിഷൻ, പഴയന്നൂർ ബ്ളോക്ക്, തൃശ്ശൂർ | പാറേമ്മൽ, വെങ്ങനല്ലൂർ, ചേലക്കര പി.ഒ,തൃശ്ശൂർ |
| സുരേഷ്കുമാർ. എസ്, അസി. സെക്രട്ടറി | അസി. സെക്രട്ടറി, ഉണ്ണികുളം ഗ്രാമപഞ്ചായത്ത് | കൃഷ്ണകൃപ, മാവേലിക്കര മുനിസിപ്പൽ ഓഫീസിന് എതിർ വശം, 690101 |
| മോഹനൻ.എൻ, ഹെഡ്മാസ്റ്റർ | വിരമിച്ചു | കീർത്തന ഭവൻ, നെല്ല്യാൽ പി.ഒ, 673613 ,കോഴിക്കോട് |
| ശ്രീവിദ്യ.എം.കെ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഉണ്ണികുളം ഗ്രാമ പഞ്ചായത്ത് | മുരളികൃഷ്ണ, കുരുവട്ടൂർപി.ഒ,673611, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | LF KKD /P10/945/2011 21.7.11 | 26,27,28,29,30,31,39 |
| 1999-00 | LF KKD /P10/945/2011 21.7.11 | 21,27,28,29,30,31,32,33,34 |

| | | |
|---|---|---|
| 2000-01 | LF KKD /P3/231/2010 22.5.10 | 2-1,2-2(1,2) 2-3,3-1, 3-3, 3-4, 3-5, 3-6, 3-7, 4-9, 4-14b |
| 2001-02 | കെഎസ്എ കെകെഡി/എസ്1/2069/16(50) 10.1.17 | 3-2, 4-14b |
| 2002-03 | | |
| 2003-04 | LF KKD /P3/231/2010 22.5.10 | 1-1B,2-1,2-2,2-3, 2-4, 3-3, 3-4,3-5,3-6,3-7,3-8,3-9, 3-10, 3-11,3-12, 3-13, 3-17, 3-18 |
| 2004-05 | LF KKD /P3/231/2010 22.5.10 | 1B, 2-1, 2-2, 3-1, 4-1 A,B,C |
| 2005-06 | LF KKD /P3/231/2010 22.5.10 | 1C, 2-2,2-3,2-5,2-6, 3-1, 3-2, 3-3,3-4,3-5 |
| 2006-07 | LF KKD /P10/653/10 18.1.11 | 1-1, 1-3, 2-1, 2-3(2), 2-6,2-7,2-8, 2-9, 2-10, 2-12, 2-13, 2-14,3-1, 3-2, 3-3, 3-5, 3-6, 3-7, 3-9,3-10, 3-11, 3-12,<br>3-13, 3-14, 3-16, 3-18, 3-19, 3-20, 3-22,<br>3-23, 3-24, 3-25, 4-3, 4-5 |
| 2007-08 | LF KKD /P10/1494/11(1) 5.5.12 | 2-3, 2-5, 3-3, 3-4, 3-7, 3-8, 3-9, 3-10(1,2,4), 3-11,3-13, 3-15, 3-16, 3-17,3-18, 3-20, 3-31, 3-32, 3-34 |
| 2008-09 | LF KKD /P10/1494/11(2) 8.5.12 | 1-3, 2-1(13), 2-2(6), 2-3, 2-4, 2-6B, 2-8, 2-11, 3-2, 3-3, 3-4, 3-5, 3-9, 3-10,<br>3-14, 3-15, 3-16, 3-17, 3-18, 4-6 |
| 2009-10 | LF KKD /P10/115/2014 5.3.14 | 2-1(4), 3-1, 3-3, 3-5, 3-8, 3-9, 3-11, 3-15, 3-16, 3-18 |
| 2010-11 | LF KKD /P10/115/2014 5.3.14 | 1-3, 3-2, 3-3(2), 3-4A, 3-10, 3-12 |
| 2011-12 | LF KKD /P10/76/2014 5.3.14 | 2-1,2-3, 2-4, 3-1, 3-3, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-15, 3-16, 3-17 A, B |
| 2012-13, 13-14 | കെഎസ്എ കെകെഡി/പി10/333/15 21.12.17 | 2-1, 3-1, 3-3(1),3-4, 3-5A, B, 3-6, 3-9, 3-10, 3-12, 3-13, 3-14, 3-15, |

| | | |
|---|---|---|
| | | 3-18(2), 3-22, 3-23, 3-24, 4-1 |
| 2014-15 | LF KKD /P10/1607/2016 28.6.17 | 2-1,3-2, 3-6, 3-7, 3-8, 3-9 |
| 2015-16 | കെഎസ്എ കെകെഡി/പി10/1095/17 4.1.2018 | 2-1, 2-2, 3-1, 3-2, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-13, 3-14, 3-15, 3-16, 3-17, 3-18 |
| 2016-17 | കെഎസ്എ കെകെഡി/പി10/909/18 22.6.18 | 2-1(1,2,3,4,7), 2-2, 2-2എ, 2-2സി, 2-3,2-4,2-5, 3-1(A,B,C), 3-2,3-3, 3-6,3-7,3-9,3-10,3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-21(1,4,5,6) 3-23, 3-24, 3-26, 3-28,3-29, 3-30, 3-31 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.10/910/2019 തീ 14/08/2019 | 2-1(1,2),2-4, 2-5, 3-1,3-6,3-7, 3-8,3-9,3-12(2),3-17,3-18,3-19, |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## <u>അനുബന്ധം 1</u>

നം കെ.എസ്.എ.കെ.കെ.ഡി.പി.9 /295/2020 തിയ്യതി- 07.03.2020

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/

2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ഉണ്ണികുളം** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.